بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 10

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 മാർച്ച് 9/ഹി:ശം:1396 അമാൻ 9/ഹി:ഖ: 1438 ജമാദുൽ ആഖിർ 9

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 03-02-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**വിശുദ്ധ ഖുർആനേയും നബി(സ)തിരുമേനിയേയും അനുഗമിക്കുന്നതിൽ ഒരു കടുകളവെങ്കിലും വ്യതിചലിക്കുന്നത് കുഫ്റായി കരുതുന്നവനാണ് ഞാൻ. പ്രസ്തുത അധ്യാപനങ്ങളിൽ എന്തെങ്കിലും ഒന്ന് ഉപേക്ഷിക്കുന്നയാൾ നരകാവകാശിയായിത്തീരുമെന്നാണ് എന്റെ ഉറച്ച വിശ്വാസം. ഞാൻ ഈ വിശ്വാസത്തെ കുറിച്ച് പ്രഭാഷണങ്ങളിൽ മാത്രമല്ല അറുപതോളം ഗ്രന്ഥങ്ങലിലും വിശദീകരിച്ചിട്ടുണ്ട്.**

**ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിനെ തൊട്ട് സത്യം ചെയ്ത് പറയുന്നു. ഞാനും എന്റെ ജമാഅത്തും മുസ്‌ലിംകളാണ്. ഞങ്ങൾ നബി(സ) തിരുമേനിയിലും വിശുദ്ധഖുർആനിലും ഒരു സത്യവാനായ മുസ്‌ലിം ഏതു രീതിയിലാണോ വിശ്വസിക്കുന്നത് ആ രീതിയിൽ വിശ്വസിക്കുന്നവരാണ്. അല്പംപോലും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് ചുവട് വെളിയിൽവെക്കുന്നതിനെ നാശത്തിന് നിമിത്തമായി ഞാൻ ദൃഢമായും വിശ്വസിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

വളരെ ദുഃഖവും വേദനയും നിറഞ്ഞ ഹൃദയത്തോടെ ഞാൻ പറയട്ടെ: എന്റെ സമുദായം ധിറുതി കാണിച്ചുകൊണ്ട് എന്നെ എതിർത്തുകൊണ്ടിരിക്കുന്നു. മാത്രമല്ല അവർ എന്നെ പലവിധത്തിലും വേദനിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവരുടെ മുമ്പാകെ എന്നെ എതിർക്കാനുള്ള വലിയൊരു നിമിത്തമായിട്ടുള്ളത് ഈസാനബിയുടെ മരണമായിരുന്നു. ഞാൻ വിശുദ്ധ ഖുർആൻ നബി(സ)തിരുമേനിയുടെ സുന്നത്ത് സ്വഹാബാക്കളുടെ ഏകകണ്ഠമായ അഭിപ്രായം (ഇജ്മാ)ബുദ്ധിപരമായും പ്രമാണപരമായുമുള്ള ഇതര തെളിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈസാനബിയുടെ മരണം സ്ഥാപിച്ചുകാണിക്കുകയുണ്ടായി. എന്നാൽ, കാര്യം ഗ്രഹിക്കാതേയും എന്റെ വാദങ്ങൾ കേൾക്കാതേയും എന്നെ കാഫിറെന്ന് മുദ്രകുത്തുകയും എനിക്കെതിരെ പല വ്യാജാരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തുകൊണ്ട് അക്രമങ്ങൾ അഴിച്ചുവിടുകയുമാണ് അവർ ചെയ്തിരിക്കുന്നത്.

എന്നെ സമീപിച്ച് യാഥാർഥ്യം ഗ്രഹിക്കാതേയും ഞാൻ അല്ലാഹുവിന്റേയും നബി(സ)തിരുമേനിയുടേയും അധ്യാപനങ്ങൾക്കെതിരെയാണോ വാദിക്കുന്നതെന്ന് നോക്കാതെയുമാണ് ഇവർ ധിറുതിപിടിച്ച് എന്നെ ദജ്ജാലെന്നും കദ്ദാബെന്നും വിളിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ, വിശുദ്ധ ഖുർആനേയും നബി(സ)തിരുമേനിയേയും അനുഗമിക്കുന്നതിൽ കടുകളവെങ്കിലും വ്യതിചലിക്കുന്നത് കുഫ്റായി കരുതുന്നവനാണെന്ന് ആരംഭം തൊട്ടുതന്നെ ഞാൻ വ്യക്തമാക്കിക്കൊണ്ടിരുന്നു. പ്രസ്തുത അധ്യാപനങ്ങളിൽ എന്തെങ്കിലും ഒന്ന് ഉപേക്ഷിക്കുന്നയാൾ നരകാവകാശിയായിത്തീരുമെന്നാണ് എന്റെ ഉറച്ച വിശ്വാസം. ഞാൻ ഈ വിശ്വാസത്തെ കുറിച്ച് പ്രഭാഷണങ്ങളിൽ മാത്രമല്ല അറുപതോളം ഗ്രന്ഥങ്ങളിലും വിശദീകരിച്ചിട്ടുണ്ട്. എന്റെ ഏതെങ്കിലും ഒരു അധ്യാപനം ഇസ്‌ലാമിന്നെതിരാണെന്ന് ഇവർക്ക് തോന്നിയിട്ടുണ്ടെങ്കിൽ അല്പമെങ്കിലും ദൈവഭയം തോന്നി അതിനെക്കുറിച്ചുള്ള വിശദീകരണം എന്നോടു ചോദിക്കുന്നതിന് പകരമായി ഉടനെ കാഫിറെന്ന് കൊട്ടിഘോഷിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇവരുടെ ഈ ചെയ്തികളെ ഞാൻ അത്ഭുതത്തോടെയാണ് വീക്ഷിക്കുന്നത്.

ഒന്നാമതായി ഈസാനബിയുടെ ജീവൽമരണപ്രശ്നം ഇസ്‌ലാമിൽ പ്രവേശിക്കുന്നതിന് നിദാനമായ ഒരു ഉപാധിയല്ല. ഇവിടേയും ഇസ്‌ലാം മതം ആശ്ലേഷിക്കുന്ന ഹിന്ദുക്കളോടും ക്രൈസ്തവരോടും നിങ്ങൾ ഈ പ്രതിജ്ഞ എടുക്കാറുണ്ടോ?

*ആമന്തുബില്ലാഹി വമലായിക്കത്തിഹി വ കുതുബിഹി വറസൂലിഹി വൽഖദ്‌രി ഖയിരിഹി വശർറിഹി മിനല്ലാഹി തആലാ വൽബഅ്ഥു ബഅ്ദൽ മൗത്തി.* (അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും അവന്റെ പ്രവാചകന്മാരിലും നന്മയും തിന്മയും ദൈവവിധിയിൽപ്പെട്ടവയാണെന്നതിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുക). അപ്പോൾ ഈസാനബിയുടെ മരണത്തെ കുറിച്ചുള്ള എന്റെ പ്രഖ്യാപനം നിമിത്തം എന്തിനാണെന്നെ കാഫിറെന്നും ദജ്ജാലെന്നും വിളിക്കുകയും എന്റെ അനുയായികളെ മുസ്‌ലീംകളുടെ പൊതു ശ്മശാനങ്ങളിൽ മറയടക്കരുതെന്നും അവരുടെ സ്വത്തും മുതലും കൊള്ളയടിക്കൽ അനുവദനീയമാണെന്നും അവരുടെ സ്ത്രീകളെ നിക്കാഹ് ചെയ്യാതെതന്നെ അവരുടെ വീടുകളിൽ വെക്കാവുന്നതാണെന്നും അവരെ വധിക്കുന്നത് പുണ്യകർമമാണെന്നും ഫത്‌വ കൊടുത്തുകൊണ്ട് ധാർഷ്ട്യം കാണിക്കുന്നത്?

ഒരുകാലത്ത് ഈ മൗലവിമാർ പറഞ്ഞുകൊണ്ടിരുന്നത് ഒരാളിൽ കുഫ്റിന്റെ 99 കാരണങ്ങൾ കാണപ്പെട്ടാലും അയാളിൽ ഈമാനിന്റെ ഒരേയൊരു കാരണം മാത്രം കാണപ്പെടുകയാണെങ്കിൽ അയാൾക്കെതിരെ കുഫ്റ് ഫത്‌വ പുറപ്പെടുവിക്കാൻ പാടില്ലെന്നും അയാളെ മുസൽമാനായിത്തന്നെ ഗണിക്കണമെന്നുമായിരുന്നു. എന്നാൽ, ഇപ്പോൾ എന്തുണ്ടായി? ഞാൻ അയാളെക്കാൾ മോശപ്പെട്ടവനായി തീർന്നുപോയോ? ഞാനും എന്റെ ജമാഅത്തും *അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്നമുഹമ്മദൻ അബ്ദുഹു വറസൂലുഹു* എന്ന കലിമ അല്ലേ ചൊല്ലുന്നത്? ഞാനും എന്റെ അനുയായികളും നമസ്കരിക്കുകയും റമളാനിൽ നോമ്പ് അനുഷ്ഠിക്കുകയും ചെയ്യുന്നവരല്ലേ? നബി(സ)തിരുമേനി കല്പിച്ച ഇസ്‌ലാമിന്റെ എല്ലാ വിശ്വാസകർമങ്ങളേയും വിശ്വസിച്ച് അനുഷ്ഠിക്കുന്നവരല്ലേ?

ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിനെ തൊട്ട് സത്യം ചെയ്ത് പറയുന്നു. ഞാനും എന്റെ ജമാഅത്തും മുസ്‌ലിംകളാണ്. ഞങ്ങൾ നബി(സ) തിരുമേനിയിലും വിശുദ്ധഖുർആനിലും ഒരു സത്യവാനായ മുസ്‌ലിം ഏതു രീതിയിലാണോ വിശ്വസിക്കുന്നത് ആ രീതിയിൽ വിശ്വസിക്കുന്നവരാണ്. അല്പംപോലും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് ചുവട് വെളിയിൽവെക്കുന്നതിനെ നാശത്തിന് നിമിത്തമായി ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്റെ മതം ഇതാണ്: എത്രത്തോളം കൃപയും അനുഗ്രഹങ്ങളും ഒരു മനുഷ്യന് കരസ്ഥമാക്കാൻ കഴിയുമോ എത്ര മാത്രം ദൈവസാമീപ്യം പ്രാപിക്കാൻ ഒരുവന് കഴിയുമോ കേവലം നബി(സ) തിരുമേനിയുടെ സത്യമായ അനുസരണത്തിലും പൂർണമായ സ്നേഹത്തിലും മാത്രമേ അവൻ അത് പ്രാപിക്കുകയുള്ളൂ. നബി(സ) തിരുമേനിയെ കൈവിട്ടുകൊണ്ട് നന്മ ആർജിക്കാനുള്ള വേറൊരു വഴിയുമില്ലതന്നെ. ഈസാ (അ) സ്ഥൂലശരീരത്തോടുകൂടി ആകാശത്തേക്ക് പോയെന്നും ഇപ്പോഴും

(ശേഷം പേജ് 6ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

### കുട്ടികളുടെ ശിക്ഷണത്തിനുള്ള നിയമങ്ങൾ

# കുട്ടികളെ കുട്ടിക്കാലം മുതൽതന്നെ മര്യാദകൾ പഠിപ്പിക്കേണ്ടതാണ്

### ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)

ഹദ്റത്ത് മസീഹ് മൗഊദ് ഥാനി(റ) പറയുന്നു; നബി(സ) തിരുമേനി കുട്ടികളെ ചെറുപ്പംമുതൽ മര്യാദ പഠിപ്പിക്കുന്നതിന് കല്പന നൽകിയിരിക്കുന്നു. തങ്ങളുടെ സഹോദരങ്ങളേയും കുട്ടിക്കാലം മുതൽ മര്യാദ പഠിപ്പിച്ച് കർമ്മപരമായ തെളിവ് നൽകി. ഹദീഥുകളിൽ വന്നിരിക്കുന്നന്നു. ഇമാം ഹസൻ(റ) ചെറിയ കുട്ടിയായിരിക്കുമ്പോൾ ഒരു ദിവസം തിന്നുന്ന നേരത്ത് അവിടന്ന് പറഞ്ഞു *കുല്ലുബിയമീനിക്ക കുല്ലുമിമ്മയലീനിക്ക ബുഖാരി.* വലതു കൈ കൊണ്ട് ഭക്ഷിക്കുക. നിന്റെ മുന്നിൽനിന്ന് ഭക്ഷിക്കുക. ഹദ്റത്ത് ഇമാം ഹസന്റെ പ്രായം അപ്പോൾ രണ്ടര വയസസ്സിനോടടുത്തായിരുന്നു. നമ്മുടെ രാജ്യത്ത് തന്റെ ഭക്ഷണതത്തിൽ മുഴുവൻ കൈയിട്ടാലും വാ നിറച്ചെടുത്താലും എന്നല്ല ചുറ്റുവട്ടത്തിരിക്കുന്നവരുടെ വസ്ത്രങ്ങൾ വൃത്തികേടാക്കിയാലും മാതാപിതാക്കൾ ഇരുന്ന് ചിരിക്കുന്നതാണ് കാണുന്നത്. അതിന് അവരൊന്നും വകവെക്കുന്നില്ല. അല്ലെങ്കിൽ നിസ്സാരമെന്ന് പറഞ്ഞ് തള്ളും. അതുമുഖേന അവരുടെ ഉദ്ദേശ്യം കുട്ടിക്ക് മനസ്സിലാക്കിക്കൊടുക്കുകയല്ല. മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയാണ്. ഹദീഥിൽ മറ്റൊരു സംഭവം വന്നിട്ടുണ്ട്. ഒരിക്കൽ ഇമാം ഹസൻ ചെറുപ്പമായിരിക്കുമ്പോൾ സദഖയുടെ കാരക്കകളിൽനിന്ന് ഒരെണ്ണമെടുത്ത് വായിലിട്ടു. നബി(സ) തിരുമേനി അവന്റെ വായിൽനിന്ന് വിരലിട്ട് അത് പുറത്തെടുത്തു (ബുഖാരി) ഇതിന്റെ ഉദ്ദേശ്യം നിന്റെ ജോലി സ്വയം അധഅധ്വാനിച്ച് തിന്നണം. മറ്റുള്ളവർക്ക് ഭാരമാകാതിരിക്കണം എന്നതായിരുന്നു.

കുട്ടിക്കാലത്തെ ശിക്ഷണമാണ് മനുഷ്യനെ ഭാവിയിൽ ആരാകണമെന്ന് തീരുമാനിക്കുന്നത്. നബി(സ) പറഞ്ഞു. കുട്ടി അല്ലാഹുവിന്റെ പ്രകൃതത്തിലാണ് ജനിക്കുന്നത്. പിന്നീട് മാതാപിതാക്കൾ അവനെ യഹൂദിയോ നസ്രാണിയോ നക്ഷത്ര ആരാധനകനോ ആക്കുന്നു. മാതാപിതാക്കൾ തന്നെയാണ് അവനെ മുസൽമാനോ ഹിന്ദുവോ ആക്കുന്നതെന്നതും സത്യമാണ്. ഈ ഹദീഥിന്റെ ഉദ്ദേശ്യം കുട്ടി പ്രായപൂർത്തിയായാൽ മാതാപിതാക്കൾ അവനെ ക്രിസ്ത്യൻ പള്ളിയിൽ കൊണ്ടുപോയി ക്രിസ്ത്യാനിയാക്കുന്നു എന്നല്ല. മറിച്ച്, കുട്ടി മാതാപിതാക്കളുടെ കർമങ്ങൾ കോപ്പിയടിച്ച് അവരുടെ സംസാരങ്ങൾ കേട്ടാണ് വളരുന്നത്. അതായത് മാതാപിതാക്കളുടേത്. കാര്യമിതാണ്. കുട്ടിയിൽ കോപ്പിയടിക്കുന്ന ശീലമുണ്ടാകുന്നു. മാതാപിതാക്കൾ അവനെ നല്ലകാര്യങ്ങൾ പഠിപ്പിക്കുന്നില്ലെങ്കിൽ അവൻ മറ്റുള്ളവരുടെ കർമ്മങ്ങൾ കോപ്പിയടിക്കുന്നതാണ്. ചിലർ പറയാറുണ്ട്. കുട്ടികളെ സ്വതന്ത്രരായി വിടണമെന്ന്. അവൻ സ്വയം വലുതായി അഹ്മദിയായിക്കൊള്ളുമെന്ന്. ഞാൻ പറയുന്നു. കുട്ടിയുടെ ചെവിയിൽ മറ്റാരുടെയെങ്കിലും ശബ്ദം പതിഞ്ഞില്ലെങ്കിൽ ഇത് സംഭവിക്കാവുന്നതാണ്. കാരണം അവൻ വലുതാകുമ്പോൾ അഹ്മദിയ്യത്തിനെക്കുറിച്ച് കേൾക്കും. പക്ഷേ, മറ്റുള്ളവരുടെ ശബ്ദം അവന്റെ ചെവിയിൽ വീണുകഴിഞ്ഞാൽ അത് കുട്ടി ഒപ്പത്തിനൊപ്പം പഠിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവൻ അതുതന്നെയായിരിക്കും ആകുക. അതായത് അവൻ കേൾക്കുന്നതും കാണുന്നതും. മലക്കുകൾ അവനെ തങ്ങളുടെ കാര്യങ്ങൾ കേൾപ്പിക്കുന്നില്ലെങ്കിൽ ശയ്ത്വാൻ അവന്റെ കൂട്ടുകാരനായിത്തീരും. നല്ലകാര്യങ്ങൾ അവന്റെ ചെവിയിൽ പതിയുന്നില്ലെങ്കിൽ ചീത്തകാര്യങ്ങൾ പതിയും. അവൻ ദുഷ്ടനായിത്തീരും.

### തർബിയ്യത്തിന്റെ മാർഗം

ഇനി ഞാൻ തർബിയ്യത്തിന്റെ മാർഗം പറയുകയാണ്.

(1) കുട്ടി ജനിച്ചാൽ ഏറ്റവുമാദ്യം തർബിയ്യത്ത് ബാങ്ക് കൊടുക്കുക എന്നതാണ്.

(2) കുട്ടിയെ കുളിപ്പിച്ച് ശുചിയാക്കിവെക്കേണ്ടതാണ്. മൂത്രവും മലവും ഉടനെതന്നെ വൃത്തിയാക്കേണ്ടതാണ്. ചിലയാളുകൾ പറയും ഈ ജോലി സ്ത്രീകളുടേതാണെന്ന്. അത് ശരിയല്ല. എന്നാൽ ആദ്യം പുരുഷന്മാരിൽ ഈ ചിന്താഗതി ഉണ്ടാകും. പിന്നീട് സ്ത്രീകളിലും. അതുകൊണ്ട് പുരുഷന്മാരുടെ ജോലിയാണ് ഇക്കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക എന്നത്. കുട്ടി വൃത്തിയായിരുന്നില്ലെങ്കിൽ അവനിൽ തെളിമയാർന്ന ചിന്താഗതികൾ എവിടെനിന്ന് വരാനാണ്. എന്നാൽ സാധാരണ കണ്ടുവരുന്നത് ആളുകൾ ഇതൊന്നും ഗൗനിക്കാറില്ലെന്നാണ്. കുട്ടിയുടെ ബാഹ്യമായ വൃത്തിയെ കുറിച്ച് ചിന്തിക്കുന്നില്ലെങ്കിൽ പിന്നെ ആന്തരികമായ വൃത്തിയെങ്ങനെ ഉണ്ടാകാനാണ്? പക്ഷേ, കുട്ടി ബാഹ്യമായ നിലയിൽ വൃത്തിയുള്ളവനും ആകുകയാണെങ്കിൽ അതിന്റെ സ്വാധീനം അവന്റെയുള്ളിലും ഉണ്ടാകും. അവന്റെ ഉള്ളും പരിശുദ്ധമായിരിക്കും. കാരണം മാലിന്യം കാരണത്താൽ അത് പാപമുണ്ടാക്കുന്നതാണ്. അതിൽനിന്ന് അവൻ രക്ഷപ്പെട്ടിരിക്കും. ഇത് വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായിട്ടുള്ളതാണ്. കുട്ടിയിൽ ആദ്യം പാപത്തിന്റെ മാലിന്യമുണ്ടാകുന്നു. കുട്ടിയുടെ രഹസ്യസ്ഥാനം വൃത്തിയുള്ളതല്ലെങ്കിൽ കുട്ടി ചൊറിഞ്ഞുകൊണ്ടിരിക്കും. അതിൽനിന്ന് സുഖം ആസ്വദിക്കും. ഇതുമുഖേന അവന് കാമാസക്തിയുടെ ബോധമുണ്ടാകുന്നു. കുട്ടിയെ വൃത്തിയാക്കിവെക്കുകയാണെങ്കിൽ അവൻ വളരുന്നതനുസരിച്ച് രഹസ്യസ്ഥാനങ്ങൾ കഴുകേണ്ടത് അത്യാവശ്യമാണെന്ന് പറഞ്ഞുകൊണ്ടിരുന്നാൽ ആ കാമാസക്തപരമായ തിന്മയിൽനിന്ന് ഒരു പരിധിവരെ അവൻ സുരക്ഷിതനായിരിക്കുന്നതാണ്. ഈ ശിക്ഷണവും ആദ്യദിവസം മുതൽ തന്നെ ഉണ്ടാകേണ്ടതാണ്.

(3) ഭക്ഷണം കുട്ടിക്ക് കൃത്യസമയത്തു തന്നെ നൽകേണ്ടതാണ്. ഇതുമുഖേന കുട്ടിയിൽ ആഗ്രഹങ്ങൾ അമർച്ച ചെയ്യാനുള്ള ശീലമുണ്ടാകുന്നു. ഇപ്രകാരം ഒരുപാട് പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നു. കളവ്, കൊള്ള, തുടങ്ങിയ ഒരുപാട് തിന്മകളുടെ ആഗ്രഹങ്ങളെ അമർച്ച ചെയ്യാത്തകാരണത്താൽതന്നെയുണ്ടാകുന്നതാണ്. കാരണം അത്തരം മനുഷ്യരിൽ വികാരങ്ങളെ നിയന്ത്രിക്കാനുള്ള ശക്തിയുണ്ടാകുകയില്ല. അതിന് കാരണം കുട്ടി കരയുമ്പോൾ മാതാവ് ആ സമയത്ത് പാല് കൊടുക്കുന്നു. അങ്ങനെ ചെയ്യാൻ പാടില്ല. മറിച്ച്, നിശ്ചിതസമയത്ത് കൊടുക്കേണ്ടതാണ്. മുതിർന്നപ്രായക്കാരായ കുട്ടികളിൽ കൃത്യസമയത്ത് ഭക്ഷണംകൊടുത്ത് ശീലമിടേണ്ടതാണ്. അതുമുഖേന ഇപ്പറയുന്ന സവിശേഷഗുണങ്ങളുണ്ടാകും.

(1)കൃത്യനിഷ്ഠയുടെ ബോധം (2) ആഗ്രഹങ്ങൾ അമർച്ചചെയ്യൽ (3) ആരോഗ്യം (4) ഒത്തൊരുമിച്ച് ജോലി ചെയ്യാനുള്ള ശീലം അത്തരം കുട്ടികളിൽ സ്വാർത്ഥതയുണ്ടാവുകയില്ല. കാരണം എല്ലാവരും കൂടിച്ചേർന്ന് ഭക്ഷണം കഴിക്കുമ്പോൾ. (5) അമിതമായ ചെലവ് ചെയ്യുന്ന ശീലമുണ്ടാകില്ല. ഏതൊരു കുട്ടിയാണോ എപ്പോഴും ഭക്ഷണസാധനങ്ങൾ തിന്നുകൊണ്ടിരിക്കുന്നത് അവരിൽ അവയിൽ ചിലത് നഷ്ടപ്പെടുത്തും ചിലത് തിന്നും. പക്ഷേ, നിശ്ചിത സമയത്ത് നിശ്ചിത അളവിൽ അവന് ഭക്ഷണസാധനങ്ങൾ നൽകിയാൽ അവൻ ഒന്നും നഷ്ടപ്പെടുത്തുകയില്ല. ഈ രീതിയിൽ കുട്ടിയിൽ അല്പം സാധനം ഉപയോഗിക്കാനും അവന്റെ ആഗ്രഹം പൂർത്തിയാക്കാനുള്ള ശീലമുണ്ടാകും. (6) അത്യാഗ്രഹത്തെ നേരിടാനുള്ള ശീലമുണ്ടാകും. ഉദാഹരണം ചന്തയിൽ നടക്കുമ്പോൾ കുട്ടി ഒരു സാധനം കണ്ടിട്ട് പറയുന്നു അത് വാങ്ങണമെന്ന്. ആ സമയത്ത് അവന് അത് വാങ്ങിക്കൊടുക്കുന്നില്ലെങ്കിൽ അവൻ തന്റെ ആഗ്രഹത്തെ അമർച്ച ചെയ്യുന്നതാണ്. പിന്നീട് വലുതാകുമ്പോൾ പലപ്പോഴും മനസ്സിലുണ്ടാകുന്ന അത്യാഗ്രഹത്തെ നേരിടാനുള്ള ശീലം അവനുണ്ടാകുന്നതാണ്.

ഇപ്രകാരംതന്നെ വീട്ടിൽ സാധനങ്ങളുണ്ടാകുകയും കുട്ടികൾ ചോദിക്കുകയും ചെയ്താൽ പറയണം ഭക്ഷണനേരത്ത് തരുന്നതാണെന്ന്. അതുമുഖേനയും അവനിൽ അവന്റെ ആത്മാവിനെ നിയന്ത്രിക്കാനുള്ള ശക്തിയുണ്ടാകുന്നതാണ്. കർഷകർ കരിമ്പ്, മൂലി, കാരറ്റ്, ശർക്കര ഇതിനെ സംബന്ധിച്ച് ഇങ്ങനെയാണ് ചെയ്യുന്നത്.

(4) കുട്ടിക്ക് നിശ്ചിതസമയത്ത് വെളിയിലിരിക്കാനുള്ള ശീലമുണ്ടാക്കേണ്ടതാണ്. ഇതവന്റെ ആരോഗ്യത്തിന് ഫലപ്രദമാണ്. പക്ഷേ, ഇതുകൊണ്ടുള്ള വലിയ ഫലം അവന്റെ അവയവങ്ങളിൽ കൃത്യനിഷ്ഠയുടെ ബോധമുണ്ടാകുമെന്നതാണ്. കൃത്യസമയത്ത് മലം കുടലിൽനിറയുന്ന കാരണത്താൽ ഈ ശീലമുണ്ടാകും. പിന്നെ നിശ്ചിതസമയത്തുതന്നെ അവന് പോകണം. യൂറോപ്പിൽ ചിലയാളുകൾ ഇങ്ങനെ പോകുന്ന നേരത്ത് പറയാറുണ്ട് ഇപ്പോഴാണ് ഈ സമയമെന്ന്. കാരണം നിശ്ചിതസമയത്ത് അവർക്ക് ടോയിലറ്റിൽ പോകേണ്ട ബോധമുണ്ടാകുന്നു. കുട്ടിക്ക് വളരെ അത്യാവശ്യമായ കാര്യമാണത്. കൃത്യസമയത്ത് ജോലിചെയ്യുന്ന കുട്ടികളിൽ നമസ്കാരം, നോമ്പ് തുടങ്ങിയ ദൃഢമായ ശീലങ്ങളുണ്ടാകുന്നു. മറ്റു ജോലികളെ പിന്നിലാക്കുന്ന ശീലമുണ്ടാകുകയില്ല. ഇതിനു പുറമെ അനാവശ്യമായുണ്ടാകുന്ന ആവേശം അമർന്നുപോകുന്നു. കാരണം അനാവശ്യമായ സന്തോഷത്തിന്റെ ഒരു വലിയ കാരണം സമയമല്ലാത്ത നേരത്ത് ജോലി ചെയ്യുന്ന ശീലമാണ്. പ്രത്യേകിച്ചും അസമയത്തുള്ള ഭക്ഷണം. ഉദാഹരണത്തിന് കുട്ടി കളിച്ചുകൊണ്ടിരിക്കുന്ന സമയത്ത് മാതാവ് ഭക്ഷണത്തിനായി വിളിച്ചു. അവൻ വന്നില്ല. പിന്നീട് അവൻ വരുമ്പോൾ മാതാവ് പറയുന്നു നില്ക്കൂ, ഭക്ഷണം ചൂടാക്കട്ടെ. കാരണം അവന് ആ നേരത്ത് അവൻ കരയാനും നിലവിളിക്കാനും തുടങ്ങുന്നു. അനാവശ്യമായ ദ്വേഷ്യം പ്രകടിപ്പിക്കുന്നു. കാരണം അവൻ ഭക്ഷണത്തിനായി വരുന്നത് വിശപ്പ്

ശേഷം പേജ് 6ൽ

# ഖുത്ബ ജുമുഅ

**ഇന്ന് ബംഗ്ലാദേശ് അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന(വാർഷിക സമ്മേളനം) ആരംഭിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബംഗ്ലാദേശിലെ ജമാഅത്തും വലിയ ആത്മാർഥമായ ജമാഅത്താണ്. അഹ്മദികൾ ജീവിതം ബലിദാനം ചെയ്തിട്ടുള്ള രാജ്യവുമാണത്. ഇപ്രകാരംതന്നെ സിയറ ലിയോൺ (ടശലൃൃമ ഘലീില) ലും ഇന്ന് ജൽസസാലാന ആരംഭിച്ചിരിക്കുന്നു.**

**ഏതൊരു ഉദ്ദേശ്യത്തിനായിട്ടാണോ ഈ ജൽസ സംഘടിപ്പിക്കുന്നത് ആ ഉദ്ദേശ്യത്തിന്റെ ആത്മാവിനെ നമ്മൾ മനസ്സിലാക്കുന്നവരും പിന്നീട് കരസ്ഥമാക്കുന്നവരുമാകണമെന്ന് എപ്പോഴും നാം ഓർക്കേണ്ടതാണ്; ലോകത്ത് ഏതുരാജ്യത്ത് ജൽസ സംഘടിപ്പിക്കുകയാണെങ്കിലും. ലോകത്തുള്ള എല്ലാ അഹ്മദികളും എപ്പോഴും ഈ ഉദ്ദേശ്യം തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. എന്നല്ല ഒരു അഹ്മദി മുസൽമാന്റെ ജീവിതംമുഴുവനുമുള്ള ഉദ്ദേശ്യമാണിത്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ച് ജൽസസാലാനയുടെ ചില ഉദ്ദേശ്യങ്ങളെ കുറിച്ചുള്ള ചർച്ച; സുപ്രധാന ഉപദേശങ്ങളും.**

**ഇന്ന് ഇസ്‌ലാമിന് എല്ലായിടത്തും ദുഷ്പേരുണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ -മുസ്‌ലിം രാഷ്ട്രങ്ങളിൽത്തന്നെയും മുസ്‌ലിം മുസ്‌ലിമിന്റെ രക്തത്തിനുവേണ്ടി ദാഹിക്കുകയും മുസ്‌ലിമിന്റെ കർമം ഇസ്‌ലാമികാധ്യാപനങ്ങളിൽനിന്ന് അകന്നുപൊയ്ക്കഴിഞ്ഞിരിക്കുകയും ചെയ്തിരിക്കുന്ന ഇത്തരം പരിതഃസ്ഥിതിയിൽ നമ്മൾ അഹ്മദികൾതന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെ കുറിച്ച് പറഞ്ഞുകൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവുമായിട്ടുള്ള ബന്ധം ഉണ്ടാക്കുക എന്നതാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ട് ദുആകൾ ചെയ്യേണ്ടതാണ്. നിങ്ങളുടെ ജോലികളിൽ അനുഗ്രഹം ലഭിക്കുന്നതിന് അവനോടുതന്നെ ചോദിക്കേണ്ടതാണ്. പിന്നീട് ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് ആരാധനകളുടെ ഉന്നതനിലവാരം ലോകത്തിന് കാണണമെങ്കിൽ അത് അഹ്മദികളിൽ നോക്കണമെന്നും, ഇസ്‌ലാമികാധ്യാപനമനുസരിച്ച് സൃഷ്ടികളോടുള്ള കടമകളും ഉത്കൃഷ്ടമായ സ്വഭാവങ്ങളുടെ ഉന്നതമായ നിലവാരവും കാണണമെങ്കിൽ അത് അഹ്മദികളിൽ നോക്കണമെന്നും പറയാൻ കഴിയുന്നതിന് നിങ്ങളുടെ കർമപരമായ മാതൃകകളും സൽസ്വഭാവങ്ങളും സ്ഥാപിക്കേണ്ടതാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2017 ഫെബ്രുവരി 03 1396 തബ്‌ലീഗ് 03**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. اَلرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ.
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

ഇന്ന് ബംഗ്ലാദേശ് അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന(വാർഷിക സമ്മേളനം) ആരംഭിക്കുകയാണ്. ഇപ്രാവശ്യം അവരുടെ സമാപന യോഗത്തിൽ ഞാൻ പ്രസംഗിക്കാത്തതുകൊണ്ട് ഖുത്ബയിൽ ഇതു സംബന്ധമായി എന്തെങ്കിലും പറയണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബംഗ്ലാദേശിലെ ജമാഅത്തും വലിയ ആത്മാർഥമായ ജമാഅത്താണ്. അഹ്മദികൾ ജീവിതം ബലിദാനം ചെയ്തിട്ടുള്ള രാജ്യവുമാണത്. 12, 13നടുത്ത് ആളുകൾ അവിടെ ശഹീദായിട്ടുണ്ട്. അക്രമങ്ങളും സഹിച്ചു. സഹിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്നു. പക്ഷേ, അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിലുള്ള വിശ്വാസത്തിലും ദൃഢനിശ്ചയത്തിലും അല്ലാഹുവിന്റെ കൃപയാൽ വളരെ പ്രബലരാണ്. അല്ലാഹു അവരുടെ വിശ്വാസത്തിലും ദൃഢനിശ്ചയത്തിലും എപ്പോഴും വർധന നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ഇപ്രകാരംതന്നെ സിയറ ലിയോൺ (Sierra Leone) ലും ഇന്ന് ജൽസസാലാന ആരംഭിച്ചിരിക്കുന്നു. അവിടേയും അവർക്ക് ചില കാലാവസ്ഥ കാരണത്താൽ പ്രയാസങ്ങളുണ്ടായിരുന്നു. സെക്യൂരിറ്റിയുടെ ആശങ്കകളുമുണ്ടായിരുന്നു. ജൽസ എല്ലാവിധത്തിലും വിജയകരമാകാൻ അവരും ദുആയ്ക്ക് പറഞ്ഞിട്ടുണ്ട്. അല്ലാഹു അതിനേയും വിജയകരമാക്കുമാറാകട്ടെ.

ഏതു രാജ്യത്താണെങ്കിലും ബംഗ്ലാദേശിലാണെങ്കിലും സിയറ ലിയോണിലാണെങ്കിലും, ആഫ്രിക്കയിലാണെങ്കിലും മറ്റേതു രാജ്യത്താണെങ്കിലുംശരി ഏതൊരു ഉദ്ദേശ്യത്തിനായിട്ടാണോ ഈ ജൽസ സംഘടിപ്പിക്കുന്നത് ആ ഉദ്ദേശ്യത്തിന്റെ ആത്മാവിനെ നമ്മൾ മനസ്സിലാക്കുന്നവരും പിന്നീട് കരസ്ഥമാക്കുന്നവരുമാകണമെന്ന് എപ്പോഴും നാം ഓർക്കേണ്ടതാണ്. ആ ഉദ്ദേശ്യമെന്താണ്? അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവിധ നേരങ്ങളിൽ ജൽസയെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞിട്ടുള്ള ഉദ്ദേശ്യമാണ്. ജൽസ സാലാനയുടെ ഉൽഘാടനത്തിന്റെ അവസരത്തിൽ ബംഗ്ലാദേശുകാരും സിയറ ലിയോൺകാരും അതിനെ സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ കേട്ടു കഴിഞ്ഞിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ലോകത്തുള്ള എല്ലാ അഹ്മദികളും എപ്പോഴും ഈ ഉദ്ദേശ്യം തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. കാരണം ഇത് വെറും മൂന്നുദിവസത്തിന്റെ ഉദ്ദേശ്യമല്ല. മറിച്ച് ഒരു അഹ്മദി മുസൽമാന്റെ ജീവിതംമുഴുവനുമുള്ള ഉദ്ദേശ്യമാണ്. അതുകൊണ്ട് എപ്പോഴും ഈ ഉദ്ദേശ്യങ്ങൾ മുമ്പിൽ വെക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ജൽസയുടെ ഒരു ഉദ്ദേശ്യം സ്വാത്മപരിത്യാഗവും ദൈവഭക്തിയും(സുഹ്ദും തഖ്‌വയും)ഉണ്ടാക്കുക എന്നതാണ്. ഇതൊരു താൽക്കാലികമായ കാര്യമല്ല. സ്ഥിരമായി നില്ക്കേണ്ട കാര്യമാണ്. പിന്നീട് ജൽസയിൽ വരിക എന്നത് നിങ്ങളുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയത്തിന്റെ യഥാർഥമായ ഗ്രാഹ്യം നല്കുന്നതായിരിക്കണം. ഇതും സുസ്ഥിരമായൊരു കാര്യമാണ്. അതായത് എങ്ങനെയുള്ള ഭയമെന്നാൽ കേവലം പേടിച്ചിട്ടുള്ള ഭയമല്ല മറിച്ച് സ്വന്തം പ്രിയപ്പെട്ടവന്റെ വെറുപ്പുണ്ടാകുമോ എന്ന ഭയമാണ്. പിന്നീട് ജൽസയിൽ വരിക എന്നത് പരസ്പരം മനസ്സുകളിൽ മൃദുലാവസ്ഥ ഉണ്ടാക്കുന്നതായിരിക്കണം. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന് പരസ്പരമുള്ള സ്നേഹത്തിൽ ഒരാൾ മറ്റൊരാളെക്കാൾ ഉയരുന്നവനായിരിക്കണം. ലോകം അസൂയപ്പെടുംവിധം പരസ്പരം സാഹോദര്യബന്ധമുണ്ടാക്കണം. അത്തരം മാതൃകകൾ മാത്രമേ യഥാർഥമായ ഇസ്‌ലാമികാധ്യാപനത്തിന്റെ പ്രകടനമാകുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യത്തിന്റെ ആവശ്യകതയെ കുറിച്ചും ബോധവാന്മാരാക്കി. അതായത് ആ മഹാത്മാവിനെ വിശ്വസിക്കുന്നവർ വിനയവും എളിമയും കാണിക്കുന്നവരായിരിക്കണം. അഹങ്കാരവും അഹന്തയും തങ്ങളുടെ ഉള്ളിൽനിന്ന് അപ്പാടെ പുറത്താക്കേണ്ടതാണ്."(ശഹാദത്തുൽ ഖുർആൻ വാല്യം 6 പേജ് 394-398)

ലോകത്ത് എവിടെയൊക്കെ അഹ്മദികളുണ്ടോ അവിടെയൊക്കെ നിങ്ങളുടെ ആത്മീയപരമായ അഭിവൃദ്ധിയുടെ നിലവാരം കരസ്ഥമാക്കിക്കൊണ്ട് ഇസ്‌ലാമിന്റെ യഥാർഥമായ മനോഹര അധ്യാപനത്തെ നിങ്ങളുടെ സഹനാട്ടുകാരിൽ പ്രചരിപ്പിക്കുക. എതിർപ്പുണ്ടെങ്കിൽ അവർക്ക് നമ്മുടെ ഈ ജോലി അവസാനിപ്പിക്കാൻ കഴിയുകയില്ല. യുക്തിയോടുകൂടി പ്രബോധനപ്രവൃത്തികൾ എല്ലായിടത്തും മുമ്പോട്ടു കൊണ്ടുപോകേണ്ടതാണ്. ഇതുതന്നെയാണ് നമ്മുടെ ഉദ്ദേശ്യം.

ഇന്ന് ഇസ്‌ലാമിന് എല്ലായിടത്തും ദുഷ്പേരുണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ -മുസ്‌ലിം രാഷ്ട്രങ്ങളിൽത്തന്നെയും മുസ്‌ലിം മുസ്‌ലിമിന്റെ രക്തത്തിനുവേണ്ടി ദാഹിക്കുകയും മുസ്‌ലിമിന്റെ കർമം ഇസ്‌ലാമികാധ്യാപനങ്ങളിൽനിന്ന് അകന്നുപൊയ്ക്കഴിഞ്ഞിരിക്കുകയും ചെയ്തിരിക്കുന്ന ഇത്തരം പരിതഃസ്ഥിതിയിൽ നമ്മൾ അഹ്മദികൾതന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനാഹരമായ അധ്യാപനത്തെ കുറിച്ച് പറഞ്ഞുകൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവുമായിട്ടുള്ള ബന്ധം ഉണ്ടാക്കുക എന്നതാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ട് ദുആകൾ ചെയ്യേണ്ടതാണ്. നിങ്ങളുടെ ജോലികളിൽ അനുഗ്രഹം ലഭിക്കുന്നതിന് അവനോടുതന്നെ ചോദിക്കേണ്ടതാണ്. പിന്നീട് ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് ആരാധനകളുടെ ഉന്നതനിലവാരം ലോകത്തിന് കാണണമെങ്കിൽ അത് അഹ്മദികളിൽ നോക്കണമെന്നും, ഇസ്‌ലാമികാ

ധ്യാപനമനുസരിച്ച് സൃഷ്ടികളോടുള്ള കടമകളും ഉത്കൃഷ്ടമായ സ്വഭാവങ്ങളുടെ ഉന്നതമായ നിലവാരവും കാണണമെങ്കിൽ അത് അഹ്മദികളിൽ നോക്കണമെന്നും പറയാൻ കഴിയുന്നതിന് നിങ്ങളുടെ കർമപരമായ മാതൃകകളും സൽസ്വഭാവങ്ങളും സ്ഥാപിക്കേണ്ടതാണ്.

അഹ്മദികളെ സംഘടിപ്പിച്ചുകൊണ്ട് മൂന്നു ദിവസം നടക്കുന്ന ഈ ജൽസ എന്തെങ്കിലും ദീനിന്റെ കാര്യങ്ങൾ പറയുന്നതിനുവേണ്ടി മാത്രമല്ല സംഘടിപ്പിക്കുന്നത്. പ്രത്യുത ഈ ജൽസ സംഘടിപ്പിക്കുന്നത് ഈ അന്തരീക്ഷത്തിലിരുന്ന് അതായത് ഈ മൂന്നു ദിവസങ്ങളിലുണ്ടാകുന്ന അന്തരീക്ഷത്തിലിരുന്ന് സ്വന്തം മനസ്സിൽ പിടിച്ചിരിക്കുന്ന തുരുമ്പുകൾ നീക്കം ചെയ്യുന്നതിനാണ്. വിശ്വാസാദർശപരമായി ഇവിടെ വസിക്കുന്ന അഹ്മദികൾ നിസംശയം വളരെ ശക്തരാണ്. ഞാൻ പറഞ്ഞതുപോലെ ഇതിനായി ബംഗ്ലാദേശിലെ അഹ്മദികൾ ജീവനും ബലി അർപിക്കുകയുണ്ടായി. പക്ഷേ, അല്ലാഹു നമ്മിലുള്ള ഓരോരുത്തരും ഇസ്‌ലാമിന്റെ ഈ പുനരുജ്ജീവന കാലഘട്ടത്തിൽ നമ്മുടെ കർമപരമായ അവസ്ഥകൾ ഏറ്റവും ഉന്നതമായ നിലയിൽ കൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നു. അല്ലാഹു പറഞ്ഞ രീതിയനുരിച്ച് നമസ്കാരങ്ങൾ അനുഷ്ഠിക്കുക. സ്വന്തം നമസ്ക്കാരങ്ങളുടെ ഉള്ളിൽ നമസ്കാരങ്ങളുടെ ആത്മാവ് സ്ഥാപിക്കാൻ ശ്രമിക്കുക. ഇതുസംബന്ധമായി കഴിഞ്ഞ രണ്ടു ഖുത്ബകളിൽ വളരെ വിശദീകരിച്ച് ഞാൻ വിവരിച്ചുകഴിഞ്ഞതാണ്. സമസൃഷ്ടികളോടുള്ള കടമകൾ നിങ്ങളുടെ എല്ലാ കഴിവുകളോടുംകൂടി നിറവേറ്റുക.

പറഞ്ഞതുപോലെ ജൽസയുടെ ഉദ്ദേശ്യങ്ങളിലൊന്ന് സ്വാത്മപരിത്യാഗവും ദൈവഭക്തി ഉണ്ടാക്കലുമാണ്. ദൈവഭക്തിയെ സംബന്ധിച്ച് വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'തഖ്‌വ എന്നതിന്റെ അർഥം തിന്മയുടെ നേർത്ത വഴികളിൽനിന്നുപോലും മാറി നില്ക്കുക എന്നാണ്. എന്നാൽ, ഓർമിച്ചുകൊള്ളുക! ഒരാൾ താൻ നല്ലവനാണെന്ന് പറയുക മാത്രമല്ല നന്മ. എന്തെന്നാൽ ഞാൻ ആരുടേയും പണമെടുത്തിട്ടില്ല. ആരേയും കൊള്ളയടിച്ചിട്ടില്ല. തട്ടിപ്പറിച്ചെടുത്തിട്ടില്ല. അപഹരിച്ചിട്ടില്ല. ആരുടേയും അവകാശങ്ങൾ കൈവശപ്പെടുത്തിയിട്ടില്ല. ആർക്കും പാര വച്ചിട്ടില്ല. മോഷ്ടിച്ചിട്ടില്ല. ദുർന്നോട്ടം ചെയ്തിട്ടില്ല. വ്യഭിചരിച്ചിട്ടില്ല. ഇത്തരം നന്മകൾ ദൈജ്ഞാനികളുടെ പക്കൽ ചിരിക്കു വക നല്കുന്നതാണ്. (ഇതൊരു നന്മയുമല്ല. ഇതു തമാശയാണ്.) 'കാരണം അവൻ ഈ തിന്മകൾ ചെയ്യുകയായിരുന്നെങ്കിൽ, കൊള്ളയടിക്കുകയോ മോഷ്ടിക്കുകയോ ചെയ്തിരുന്നെങ്കിൽ അവൻ ശിക്ഷിക്കപ്പെടുന്നതാണ്. അതുകൊണ്ട് ദൈവജ്ഞാനികളുടെ ദൃഷ്ടിയിൽ ഇതൊരു നന്മയല്ല. മറിച്ച് യഥാർഥവും അസലുമായിട്ടുള്ള നന്മ മനുഷ്യകുലത്തിന് സേവനം ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ വഴിയിൽ തികവുറ്റ സത്യസന്ധതയും കൂറും കാണിക്കുക. അവന്റെ വഴിയിൽ ജീവൻവരെ നല്കാൻ തയ്യാറായിരിക്കുക. അതുകൊണ്ടാണ് ഇവിടെ പറഞ്ഞത് ഇന്നല്ലാഹ മഅല്ലദീനത്തഖവ് വ്വല്ല ദീനഹും മ്മുഹ്സിനൂൻ (16:129) അതായത് അല്ലാഹു തിന്മയിൽനിന്ന് രക്ഷപ്പെട്ടു നില്ക്കുകയും അതിനോടൊപ്പം നന്മ ചെയ്യുകയും ചെയ്തവരുടെ കൂടെയാണ്.' പറഞ്ഞു:'നല്ലവണ്ണം ഓർമിച്ചുകൊള്ളുക. സൽകർമങ്ങൾ കൂടാതെ വെറും തിന്മയിൽനിന്ന് വിട്ടുനിൽക്കൽ വലിയ കാര്യമൊന്നുമല്ല. ഒരിക്കലും വ്യഭിചരിച്ചിട്ടില്ലാത്തവരും ആരേയും കൊന്നിട്ടില്ലാത്തവരും മോഷ്ടിച്ചിട്ടില്ലാത്തവരും കൊള്ളയടിച്ചിട്ടില്ലാത്തവരുംമായ ഇത്തരക്കാർ ധാരാളമുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ദൈവവഴിയിൽ അവർ സത്യസന്ധതയുടേയും കൂറിന്റേയും മാതൃക കാഴ്ചവെച്ചില്ല. (ഇവർ കുറ്റകൃത്യമൊന്നും ചെയ്തിട്ടില്ല. പക്ഷേ, അല്ലാഹുവിന്റെ വഴിയിൽ സത്യസന്ധതയുടേയും കൂറിന്റേയും സ്തുത്യർഹമായ മാതൃക കാഴ്ചവെച്ചിട്ടില്ലെന്നു മാത്രം) അല്ലെങ്കിൽ മനുഷ്യകുലത്തിന് ഒരു സേവനവും ചെയ്തില്ല. ഈ രീതിയിൽ അവർ ഒരു നന്മയും ചെയ്തില്ല. ഇക്കാര്യങ്ങൾ എടുത്ത് പറഞ്ഞ് തങ്ങളെ സൽകർമകാരികളിൽ ഉൾപ്പെടുത്തുന്നവർ അജ്ഞരായിരിക്കും. കാരണം ഇത് ദുഷ്കൃത്യങ്ങളാണ്. കാരണം ഇത്രമാത്രം ചിന്താഗതികൊണ്ട് മനുഷ്യൻ ഔലിയായുല്ലായിൽ പ്രവേശിക്കുകയില്ല.' അവിടന്ന് പറഞ്ഞു: 'ദുർനടപ്പുകാർക്കും കളവും വഞ്ചനയും കാണിക്കുന്നവർക്കും കൈക്കൂലി വാങ്ങുന്നവർക്കും ഇവിടെതന്നെ ശിക്ഷ കൊടുക്കുക എന്നതാണ് ദൈവികനടപടി. (അക്കൂട്ടർ ഈ ലോകത്തുതന്നെ ശിക്ഷ പ്രാപിക്കുന്നു). ശിക്ഷ അനുഭവിക്കാത്തിടത്തോളം അവർ മരിക്കുകയില്ല. (പൊതുവെ ഏതെങ്കിലുമൊക്കെ രീതിയിൽ അവർക്ക് ശിക്ഷ ലഭിക്കുന്നു.) ഓർമിക്കുക, ഇത്രമാത്രം കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് അത് നന്മയാവുകയില്ല.'

പറഞ്ഞു: 'തഖ്‌വ ഏറ്റവും താഴ്ന്ന പദവിയിലുള്ളതാണ്. ഇതിന്റെ ഉദാഹരണം എങ്ങനെയുള്ളതാണെന്നുവെച്ചാൽ നല്ല ഭക്ഷണപദാർത്ഥങ്ങൾ വിളമ്പുന്നതിനുവേണ്ടി ഏതെങ്കിലും പാത്രം നല്ലവണ്ണം വൃത്തിയാക്കുക. ഏതെങ്കിലും പാത്രം വൃത്തിയാക്കിവെക്കുകയും അതിൽ ഭക്ഷണമൊന്നും വിളമ്പാതിരിക്കുകയും ചെയ്താൽ വയർ നിറയുമോ? ഒരിക്കലുമില്ല. ആ കാലിയായ പാത്രം ഭക്ഷണം ചെന്ന് വയറു നിറയ്ക്കുന്നതുപോലെ വയറുനിറയ്ക്കുമോ? (അതായത് പാത്രം മുമ്പിൽവെച്ച് ഭക്ഷണം നൽകാതെ നിങ്ങളുടെ വയർ നിറയുമോ?) ഒരിക്കലുമില്ല. ഇപ്രകാരം തഖ്‌വയേയും മനസ്സിലാക്കുക.' അവിടന്ന് പറഞ്ഞു: 'എന്താണ് തഖ്‌വ?' പറയുന്നു: 'തഖ്‌വ എന്നത് ദോഷപ്രവണമായ ആത്മാവിന്റെ പാത്രത്തെ വൃത്തിയാക്കുന്നതിന്റെ പേരാണ്. (ദോഷപ്രവണമായ ആത്മാവ് മനുഷ്യനെ എപ്പോഴും തിന്മയിലേക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. തിന്മ ചെയ്താൽ ഒരു ലജ്ജയുമുണ്ടാവില്ല. അതുകൊണ്ട് ദോഷപ്രവണമായ ആത്മാവിന്റെ പാത്രത്തെ വൃത്തിയാക്കുകയും വൃത്തിയായിക്കഴിഞ്ഞാൽ തിന്മകളിൽനിന്ന് മനുഷ്യൻ രക്ഷപ്പെട്ടു തുടങ്ങുകയും ചെയ്യുക എന്നതാണ് തഖ്‌വ. ഇത് തഖ്‌വയുടെ പ്രാരംഭ കാര്യമാണ്. പിന്നീട് ആ പാത്രത്തിൽ ഭക്ഷണമിടുക. ആ ഭക്ഷണം അല്ലാഹു പറഞ്ഞ ആ നന്മകളാണ്. അതിൽ അല്ലാഹുവിനോടുള്ള കടമകളുമുണ്ട് ദാസരോടുള്ള കടമകളുമുണ്ട്.)പറഞ്ഞു: 'നന്മ എന്ന് പറയുന്നത് അതിൽ പതിക്കുന്ന ഭക്ഷണമാണ്. അത് അവയവങ്ങൾക്ക് ഊർജം പകരുന്നു. മനുഷ്യനെ സൽകർമങ്ങൾ ചെയ്യാൻ അർഹനാക്കിത്തീർക്കുന്നു.' ഇപ്പോൾ ഈ രീതിയിലുള്ള പരിശ്രമം നടത്തുക. നന്മകൾ ചെയ്യുക. എത്രമാത്രം മാനുഷികമായ ശക്തികളുണ്ടോ അല്ലാഹു എത്രമാത്രം ശക്തികൾ തന്നിട്ടുണ്ടോ അവയെ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിനും അവന്റെ ദാസരോടുള്ള കടമ നിറവേറ്റുന്നതിനും വേണ്ടി പ്രബലപ്പെടുത്തുക. ഉന്നതപദവികളുടെ ദൈവസാമീപ്യം കരസ്ഥമാക്കുന്നതിന് അവനിൽനിന്ന് സൽകർമങ്ങളുണ്ടാവണം.' (മൽഫൂദാത്ത്, വാള്യം 6, പേജ് 241-243, 1985 ലണ്ടൻ എഡിഷൻ) ഈ രണ്ട് കാര്യങ്ങളും ഉണ്ടാകുമ്പോൾ നന്മകൾ അതിൽ പതിക്കാൻ തുടങ്ങും. പിന്നീട് തഖ്‌വയുടെ നിലവാരവും ഉയരുന്നതാണ്. അത് കഴിഞ്ഞാൽ ദൈവസാമീപ്യവും ലഭിക്കുന്നതാണ്.

പിന്നീട് ഒരു യഥാർഥ മുസൽമാന്റെ വളരെ പ്രധാനപ്പെട്ടകാര്യം ആരാധനയാണ്. ദുആ എന്ത് സംഗതിയാണ്? ആരാധന എന്ത് വസ്തുവാണ്? ഇതിനെക്കുറിച്ച് പറയുന്നു: 'ആരാധനകളും ദുആയും എന്ത് അത്ഭുതങ്ങളാണ് കാണിക്കുന്നത്. എങ്ങനെയാണ് ഇത് ചെയ്യേണ്ടത്? എങ്ങനെയാണ് ഉണ്ടാകേണ്ടത്. ദുആയുടെ യാഥാർഥ്യം അറിയുന്നതിന് ഏത് മാർഗമാണ് സ്വീകരിക്കേണ്ടതാണ്. പിന്നീട് ഈ മാർഗത്തിലൂടെ അല്ലാഹുവിന്റെ സാമീപ്യം എങ്ങനെയാണ് ലഭിക്കുന്നത്. അതിൽ നമസ്കാരത്തിനുള്ളപങ്കെന്താണ്? ഇക്കാര്യങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:

'ദുആ ഒരു ശമനൗഷധമാണ്. അത് ഒരുപിടി മണ്ണിനെ സ്വർണമാക്കിത്തീർക്കുന്ന രസതന്ത്രമാണ്.' ഒരുപിടി മണ്ണെടുക്കുക. ദുആകൊണ്ട് അത് സ്വർണമായിത്തീരുന്നു. ദുആയിൽ അത്ര മാത്രം സ്വാധീനമുണ്ടാകേണ്ടതാണ്. 'ആന്തരികമായ മാലിന്യങ്ങളെ കഴുകിക്കളയുന്ന ഒരു ജലമാണത്.' പക്ഷേ, എങ്ങനെയുള്ള ദുആ!പറഞ്ഞു:"ആ ദുആയോടൊപ്പം ആത്മാവ് ഉരുകുന്നു." മനസ്സിൽനിന്ന് പുറപ്പെട്ടുകൊണ്ടിരിക്കുകയും അതിനോടൊപ്പം ആത്മാവ് ഉരുകുകയും ചെയ്യുന്ന ദുആ. "വെള്ളംപോലെ ഒഴുകി ഏകനായ ദൈവത്തിന്റെ തിരുസന്നിധിയിൽ വീഴുന്നു." അത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപിക്കപ്പെടുന്നു. 'അത് അല്ലാഹുവിന്റെ തിരുസന്നിധയിൽ എഴുന്നേറ്റു നല്ക്കുകയും ചെയ്യുന്നു. റുക്കൂഉം ചെയ്യുന്നു. സുജൂദും ചെയ്യുന്നു. ഇസ്‌ലാം പഠിപ്പിച്ചിട്ടുള്ള നമസ്കാരം ഇതിന്റെ പ്രതിച്ഛായയാണ്. അതായത് ദുആ മനസ്സിൽനിന്ന് പുറപ്പെടുമ്പോൾ അത് ചിലപ്പോൾ അസ്വസ്ഥതയിൽ നിൽക്കുന്നതാണ്. ചിലപ്പോൾ റുക്കൂഇൽ പോകുന്നതാണ്. ചിലപ്പോൾ സുജൂദ് ചെയ്യുന്നു. ആത്മാവിന് വിവിധ അവസ്ഥകളുണ്ട്. അവയുടെ ബാഹ്യമായ അവസ്ഥയുടെ പ്രകടനം ഇസ്‌ലാം പഠിപ്പിച്ചിട്ടുള്ള നമസ്കാരത്തിലുണ്ടാകുന്നു. ആത്മാവിന്റെ നില്പ് എന്താണെന്നാൽ അത് ദൈവത്തിനുവേണ്ടി എല്ലാ ഓരോ വിപത്തുകളും സഹിക്കുകയും കല്പനകൾ സ്വീകരിക്കുന്നതിനെക്കുറിച്ച് തയ്യാറാണെന്ന് പ്രകടിപ്പിക്കലുമാണ്. ആത്മാവിന്റെ കുനിയൽ അല്ലെങ്കിൽ റുക്കൂഅ് ചെയ്യൽ എല്ലാ തരത്തിലുള്ള സ്നേഹങ്ങളും ബന്ധങ്ങളും ഉപേക്ഷിച്ച് അല്ലാഹുവിലേക്ക് കുനിഞ്ഞുവരിക എന്നതാണ്. ദൈവത്തേക്കാൾ വലിയ ഒരു ബന്ധവും സ്നേഹവുമില്ല. എല്ലാം ദൈവത്തിന്റേതായിത്തീരുന്നു. അവന്റെ സുജൂദ് എന്താണെന്നാൽ ദൈവികസവിധത്തിൽ വീണ് തന്റേതായ എല്ലാ ചിന്താഗതികളും കളയുക എന്നതാണ്. സ്വന്തം അസ്തിത്വംതന്നെ അവസാനിപ്പിക്കലാണ്. അപ്പോൾ അവൻ മനുഷ്യൻതന്നെയായിരിക്കുകയില്ല. സർവ്വവും ദൈവത്തിനായി മാറുന്നു.' പറഞ്ഞു: 'ഈ നമസ്കാരമാണ് ദൈവവുമായി ബന്ധിപ്പിക്കുന്നത്.'

നമസ്കാരത്തിന്റെ യാഥാർഥ്യം അറിയണമെങ്കിൽ അല്ലാഹുവിനെ കിട്ടുന്ന ഈ നമസ്കാരം തന്നെയാണത്. ഒരുപാട് നമസ്കരിച്ചുവെന്നും പക്ഷേ, അല്ലാഹുവിനെ കിട്ടിയില്ലെന്നും ആളുകൾ പറയുമ്പോൾ ഈ അവസ്ഥ ഉണ്ടാക്കേണ്ട ആവശ്യമാണുള്ളത്. ഭൗതികമായ നമസ്കാരം ആത്മീയമായ നമസ്കാരംപോലെ ചലിക്കുന്നതിനുവേണ്ടി ഇസ്‌ലാമിക ശരീഅത്ത് അതിന്റെ ചിത്രം സാധാരണ നമസ്കാരങ്ങളിൽ കോറിയിട്ടിരിക്കുന്നു. കാരണം ആത്മാവിന്റെ സ്വാധീനം ശരീരത്തിലും ശരീരത്തിന്റെ സ്വാധീനം ആത്മാവിലും ഉണ്ടാകുവിധംതന്നെയാണ് അല്ലാഹു

മനുഷ്യന്റെ സൃഷ്ടിപ്പുതന്നെ നടത്തിയിട്ടുള്ളത്. നിങ്ങളുടെ ആത്മാവ് ദുഃഖിക്കണം. കണ്ണുകളിൽനിന്ന് കണ്ണുനീർ പൊഴിയണം. ആത്മാവിൽ സന്തോഷമുണ്ടാകുമ്പോൾ മുഖത്ത് തിളക്കം പ്രകടമാകുന്നു. എത്രത്തോളമെന്നാൽ മനുഷ്യൻ ചിലപ്പോൾ ചിരിക്കാൻ തുടങ്ങുന്നു. ഇപ്രകാരംതന്നെ ശരീരത്തെ ഏതെങ്കിലും ബുദ്ധിമുട്ടോ വേദനയോ ബാധിച്ചാൽ ആ വേദനയിൽ ആത്മാവും പങ്കാളിയാകുന്നു. ശരീരം തണുത്ത കാറ്റേറ്റ് സന്തോഷിക്കുമ്പോൾ ആത്മാവും അതിൽ കുറച്ച് ഭാഗഭാക്കാകുന്നു. അതിനാൽ ശാരീരികമായ ആരാധനകളുടെ ഉദ്ദേശ്യം ആത്മാവും ശരീരവും തമ്മിലുള്ള പരസ്പരബന്ധങ്ങൾ കാരണത്താൽ ആത്മാവിൽ അല്ലാഹുവിലേക്കൊരു ചലനമുണ്ടാകുന്നു എന്നതാണ്. അല്ലാഹുവിലേക്കൊരു ചലനമുണ്ടാകേണ്ടതാണ്. അവനിലേക്ക് നടക്കണം. അവൻ ആത്മീയമായ നില്പിലും സുജൂദിലും മുഴുകണം. ബാഹ്യമായ നില്പും സുജൂദും റുക്കൂഉം എന്ന് പറയുന്നത് അവയിൽ ഒരു സ്ഥാനം ലഭിക്കുക എന്നതാണ്. അത് ആത്മീയമായിട്ട് മാറണം. ആത്മാവിനാലുള്ള സുജൂദ് ഉണ്ടായിക്കൊണ്ടിരിക്കണം. ആത്മാവ്കൊണ്ട് റുക്കൂഅ് ഉണ്ടാകണം. ആത്മാവ് കൊണ്ട് സുജൂദും ഉണ്ടാകണം. ബാഹ്യമായനിലയിൽ സന്തോഷവും സന്താപവും ഉണ്ടാകുന്നതുപോലെ അവസ്ഥ ആത്മീയമായും ഉണ്ടാകണം. മനുഷ്യൻ കരയുകയും ചിരിക്കുകയും ചെയ്യുന്നതുപോലെ അല്ലാഹുവിനോടുള്ള ബന്ധത്തിന്റെ പ്രകടനവുമുണ്ടാകേണ്ടതാണ്. ആത്മീയമായ നില്പിലും സുജൂദിലും മുഴുകുക. കാരണം അഭിവൃദ്ധിയുണ്ടാകുന്നതിന് മനുഷ്യൻ കഠിനാധ്വാനത്തിന്റെ ആശ്രിതനാണ്. അഭിവൃദ്ധിപ്പെടണമെങ്കിൽ കഠിനാധ്വാനം ചെയ്യേണ്ടിവരുന്നു. അത്യധ്വാനം ചെയ്യേണ്ടിവരുന്നു. ഇതും ഒരുതരത്തിലുള്ള മുജാഹദയാണ്. രണ്ട് സംഗതികൾ പരസ്പരം ബന്ധപ്പെട്ടിരിക്കുമ്പോൾ അത് പ്രകടവുമാണ്. അതായത് കൂടിച്ചേർന്നിരിക്കുമ്പോൾ. അതിൽനിന്ന് നമ്മൾ ഒരു വസ്തുവിനെ ഉയർത്തിമാറ്റുമ്പോൾ ആ ഉയർത്തൽകൊണ്ട് മറ്റേ വസ്തുവിനും ഒരു ഇളക്കം സംഭവിക്കുന്നു.

'ആത്മാവും അതിന്റേതായ നിലയിൽ ഖിയാമിലും റുക്കൂഉലും സുജൂദിലും പങ്കാളിയാകാൻ ശ്രമിക്കാത്തിടത്തോളം ബാഹ്യമായ നിലയിൽ നമസ്കാരങ്ങളിൽ വെറും റുകൂഉം സുജൂദും ചെയ്യുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഈ പങ്കെടുക്കുക എന്നത് ദൈവജ്ഞാനത്തിൽ നിറുത്തപ്പെടലാണ്. ദൈവജ്ഞാനം ഈശ്വരകൃപയിൽ നിറുത്തപ്പെട്ടിരിക്കുന്നു.'(ലക്ചർ സിയാൽക്കോട്ട് റൂഹാനീ ഖസീയിൻ വാള്യം 20 പേജ് 223-224)

അവിടന്ന് ഒരിടത്ത് ഇതിന് മറ്റൊരു വിശദീകരണം നല്കിയിരിക്കുന്നു. അതായത് എല്ലാ ഫള്ലും അഥവാ ദൈവകൃപയും കിട്ടുന്നത് അല്ലാഹുവിന്റെ ഫള്ലിൽനിന്നാണ്. അതുകൊണ്ട് ഫള്ൽ കരസ്ഥമാക്കുന്നതിനും അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. അവനോടു ചോദിക്കുക. അല്ലാഹുവിന്റെ ഫള്ലുകൊണ്ട് ഈ ദൈവജ്ഞാനം ലഭിക്കുമ്പോൾ യഥാർഥമായ നമസ്കാരവും നിറവേറ്റപ്പെടുന്നു. അതിന് മുജാഹദയുടേയും അത്യധ്വാനത്തിന്റേയും ആവശ്യമുണ്ട്. നിരന്തരമായ പരിശ്രമത്തിന്റെ ആവശ്യമുണ്ട്. മുജാഹദ ഉണ്ടാകുമ്പോൾ ജന്മോദ്ദേശ്യവും കരസ്ഥമാകുന്നതായിരിക്കും. തഖ്‌വയും യഥാർഥമായ ആരാധനകളുടെ പൂർത്തീകരണവുമുണ്ടാകുന്ന നേരമുണ്ട്. ഇതിനു മുമ്പേയും ഇപ്പോൾ ഒരു ഉദ്ധരണി വിവരിക്കുകയുണ്ടായി. രണ്ട് സംഗതികളുണ്ട്. ഒന്ന് അല്ലാഹുവിനോടുള്ള കടമ. മറ്റൊന്ന് ദാസരോടുള്ള കടമ. തഖ്‌വയുടെ ഈ സമ്പൂർത്തീകരണവും യഥാർഥമായ ആരാധനകളും ഉണ്ടാകുന്നത് മനുഷ്യരോടുള്ള കടമകളും അതിനോടൊപ്പമുണ്ടാകുമ്പോഴാണ്. ഇക്കാര്യങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

'ഏറ്റവും പ്രയാസകരവും ദുർഘടംപിടിച്ചതുമായ ഘട്ടം സൃഷ്ടികളോടുള്ള കടമനിറവേറ്റുക എന്നതാണ്. ഇതാണ് യാഥാർഥ്യം. ആളുകൾ നമസ്കരിക്കും. മസ്ജിദുകളിൽ വരികയും ചെയ്യും. ചന്ദകളും നല്കും. ചിലപ്പോൾ ജീവനും ബലിയർപിക്കും. പക്ഷേ, ജനങ്ങളോടുള്ള കടമ നിറവേറ്റുക എന്നത് വലിയ ബുദ്ധിമുട്ടായിത്തീരുന്ന ചില സന്ദർഭങ്ങൾ വന്നുപെടുന്നു.' പറയുന്നു: 'ഏറ്റവും നേർമയാർന്ന പ്രശ്നം മനുഷ്യരോടുള്ള കടമ നിറവേറ്റലാണ്. കാരണം എപ്പോഴും അവന് അവരുമായി ബന്ധപ്പെടേണ്ടിവരികയും പരീക്ഷണത്തെ നേരിടേണ്ടിവരികയും ചെയ്യുന്നു.

അതുകൊണ്ട് ഈ ഘട്ടത്തിൽ വളരെ ജാഗ്രതയോടെ ചുവടുവയ്ക്കേണ്ടതാണ്.' പറഞ്ഞു, 'ശത്രുക്കളോടും അതിരുവിട്ട് അക്രമം കാണിക്കരുതെന്നാണ് എന്റെ മതം. ചിലയാളുകൾ ആഗ്രഹിക്കുന്നത് എങ്ങനേയും അവരെ നശിപ്പിക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും ശ്രമിക്കണമെന്നാണ്. പിന്നീട് അവർ ഈ ചിന്തയിൽ മുഴുകി അനുവദനീയവും അല്ലാത്തതുമായ ഏതു കാര്യങ്ങളും ചെയ്യാൻ മടിക്കുന്നില്ല. അവർക്ക് ദുഷ്പേരുണ്ടാക്കുന്നതിന് അപരാധം പറഞ്ഞു പറത്തുന്നു. കറ്റുകെട്ടിപ്പറയുന്നു. പരദൂഷണം പറയുന്നു. മറ്റുള്ളവരെ അവർക്കെതിരിൽ പ്രകോപിപ്പിക്കുന്നു. നിസാരമായ ശത്രുതകൊണ്ട് എത്രമാത്രം തിന്മകളുടേയും ദോഷങ്ങളുടേയും അനന്തരാവകാശിയാണ് ആയതെന്ന് നോക്കുക. പിന്നീട് ഈ തിന്മകൾ അതിന്റെ കുഞ്ഞുങ്ങളെ പ്രസവിക്കുമ്പോൾ കുട്ടികളെ പ്രസവിക്കുന്നതുപോലെ ഒന്നിനു പുറമെ മറ്റൊരു തിന്മ ജന്മംകൊള്ളുന്നു. ഒരു തിന്മ മറ്റൊരു തിന്മയെ സൃഷ്ടിക്കുന്നു. അത് അതിന്റെ കുട്ടികളെ പ്രസവിക്കുമ്പോൾ എവിടംവരെ അവസ്ഥ എത്തും?'

പറഞ്ഞു: 'ഞാൻ സത്യം പറയുന്നു. നിങ്ങളാരേയും നിങ്ങളുടെ വ്യക്തഗത ശത്രുവായി മനസ്സിലാക്കരുത്. ആ പകയുടെ ശീലം തികച്ചും ഉപേക്ഷിച്ചു കളയുക. നിങ്ങളോടൊപ്പം അല്ലാഹു ഉണ്ടെങ്കിൽ നിങ്ങൾ അല്ലാഹുവിന്റേതായിത്തീർന്നാൽ ശത്രുക്കളേയും നിങ്ങളുടെ സേവകരിൽ കൊണ്ടുവരാൻ അവനു കഴിയും. എന്നാൽ, നിങ്ങൾ അല്ലാഹുവിൽനിന്നുതന്നെ ബന്ധം വിച്ഛേദിച്ചിരിക്കുകയും അവനോടു ഒരു സ്നേഹബന്ധവും പുലർത്താതിരിക്കുകയും അവനെ ധിക്കരിക്കുകയും അവന്റെ ഇഷ്ടത്തിന്നെതിരെ നടക്കുകയുമാണെങ്കിൽ പിന്നെ അല്ലാഹുവിനെക്കാൾ വലിയ നിങ്ങളുടെ ശത്രു ആരാകാനാണ്? സൃഷ്ടികളുടെ ശത്രുതയിൽനിന്ന് മനുഷ്യന് രക്ഷപ്പെടാൻ കഴിയും. എന്നാൽ, അല്ലാഹു ശത്രവാകുമ്പോൾ മുഴുവൻ സൃഷ്ടികളും മിത്രങ്ങളായാലും ഒന്നും നടക്കുകയില്ല. അതുകൊണ്ട് നിങ്ങളുടെ മാർഗം പ്രവാചകന്മാരുടെ മാർഗം ആയിരിക്കേണ്ടതാണ്. വ്യക്തപരമായി ശത്രുക്കൾ ഉണ്ടാകരുതെന്നാണ് അല്ലാഹുവിന്റെ ഇച്ഛ.' വ്യക്തിപരമായി ഒരു ശത്രുതയും ഉണ്ടാകരുത്.

പറഞ്ഞു: 'നല്ലവണ്ണം ഓർത്തുകൊള്ളുക. മനുഷ്യന് മാന്യതയും സൗഭാഗ്യവും കിട്ടുന്നത് വ്യക്തിപരമായ നിലയിൽ ആരുടേയും ശത്രുവാകാതിരിക്കുമ്പോഴാണ്. അതേ! അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അഭിമാനത്തിന്റെ പ്രശ്നം വരുമ്പോൾ അതുവേറെ കാര്യമാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും പ്രശ്നമുണ്ടാകുമ്പോൾ അവിടെ ശത്രുതയുമുണ്ടാകും. അതായത് ആരാണോ അല്ലാഹുവിനേയും അവന്റെ റസൂലിനേയും ആദരിക്കാത്തത് എന്നല്ല അവരുടെ ശത്രുവാകുന്നത് അവനെ നിങ്ങൾ നിങ്ങളുടെ ശത്രുവായി മനസ്സിലാക്കുക. ശത്രുവായി മനസ്സിലാക്കുന്നതിന്റെ അർഥം അവരുടെമേൽ കറ്റുകെട്ടിപ്പറയുക എന്നതല്ല. അകാരണമായി അവരെ പീഡിപ്പിക്കാനുള്ള ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതല്ല. മറിച്ച് അവരിൽനിന്ന് വേർപ്പെട്ടുകൊള്ളുക എന്നാണ്. കാര്യം അല്ലാഹുവിൽ അർപിക്കുക എന്നാണ്. സാധ്യമെങ്കിൽ അവരുടെ പരിഷ്കരണത്തിന് ദുആ ചെയ്യുക. സാധ്യമെങ്കിൽ ശത്രുവിന്റെ പരിഷ്കരണത്തിന് ദുആ ചെയ്യുക. സ്വന്തമായ നിലയിൽ പുതിയ പൊടിപ്പും തൊങ്ങലും വെക്കാതിരിക്കുക. അതായത് അതോടൊപ്പം പുതിയ കലഹമൊന്നും തുടങ്ങരുത്.'

പറഞ്ഞു, 'ഇക്കാര്യങ്ങളാണ് തദ്ക്കിയെ നഫ്സിനെ(മനഃപരിശുദ്ധിയെ) സംബന്ധിച്ചുള്ളത്. പറയുന്നു, ഹദ്റത്ത് അലി കർറമല്ലാഹുവജ്ഹുഹു ഒരു ശത്രുവുമായി പോരാടുകയായിരുന്നു. അല്ലാഹുവിനുവേണ്ടിമാത്രമാണ് പോരാടിയിരുന്നത്. അവസാനം ഹദ്റത്ത് അലി(റ) അയാളെ താഴെ മറിച്ചിട്ടു. അയാളുടെ നെഞ്ചിൽ കയറി ഇരുന്നു. അയാൾ ഉടനെ ഹദ്റത്ത് അലിയുടെ മുഖത്ത് തുപ്പി. ഹദ്റത്ത് അലി ഉടനെ അയാളുടെ നെഞ്ചിൽനിന്ന് ചാടിയിറങ്ങി. അയാളെ വെറുതെവിട്ടു. ഇതുവരെ ഞാൻ നീയുമായി പോരാടിയത് അല്ലാഹുവിനുവേണ്ടി മാത്രമായിരുന്നു. എന്നാൽ, ഇപ്പോൾ നീ എന്റെ മുഖത്ത് തുപ്പിയപ്പോൾ എന്റേതായ കുറച്ചു ഭാഗവും അതിൽ കൂടിച്ചേരുന്നു. അതുകൊണ്ട് എനിക്കുവേണ്ടി നിന്നെ കൊല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹം തന്റെ ആത്മാവിന്റെ ശത്രുവിനെ ശത്രുവായി കണ്ടില്ല എന്നാണ്. ഇത്തരം പ്രകൃതിയും ശീലവും സ്വന്തം ഉള്ളിലുണ്ടാക്കേണ്ടതാണ്. സ്വാർഥപരമായ അത്യാഗ്രഹത്തിനും ഉദ്ദേശ്യത്തിനുംവേണ്ടി ആരെയെങ്കിലും വിഷമിപ്പിക്കുകയും ശത്രുതയുടെ പരമ്പരയെ വിശാലമാക്കിക്കൊണ്ടുപോകുകയുമാണെങ്കിൽ അതിനെക്കാൾ വലിയ അല്ലാഹുവിനു വെറുപ്പുണ്ടാക്കുന്ന കാര്യം എന്തുണ്ടാകാനാണ്.'(മൽഫൂദാത്ത് വാള്യം 8 പേജ് 104-105 1985 ലണ്ടൻ പതിപ്പ്)

അതിനാൽ, എന്തെങ്കിലും വ്യക്തിപരമായ കാരണത്താൽ ആരേയും വിഷമിപ്പിക്കരുത്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ശത്രുവിനെ സ്വന്തം ശത്രുവായി മനസ്സിലാക്കുക. അവിടെനിന്ന് എഴുന്നേറ്റു പോകുക. അവനുവേണ്ടി ദുആ ചെയ്യുക. അവനെ നന്നാക്കാൻ ശ്രമിക്കുക. അയാളുടെ ആക്രമണത്തിന് അനുവദനീയമായ നിലയിൽ മറുപടി നല്കുക. അല്ലാതെ അയാൾ ചെയ്യുന്ന എല്ലാ കാര്യവും മോശമാണെന്ന് മനസ്സിലാക്കി പൂർണമായും തെറ്റായ മാർഗ്ഗത്തിലൂടെ ശത്രുതയിൽ ഇറങ്ങിപുറപ്പെടുക എന്നതല്ല. ഇതും തെറ്റാണ്.

അല്ലാഹു നമുക്ക് തഖ്‌വയുടെ യഥാർഥ അറിവും ഗ്രാഹ്യവും പ്രദാനം ചെയ്യുമാറാകട്ടെ. തന്റെ കൃപ ചൊരിഞ്ഞുകൊണ്ട് നമ്മുടെ നമസ്കാരങ്ങളും ആരാധനകളും അവന്റെ സാമീപ്യം കരസ്ഥമാക്കുന്നതാക്കിത്തീർക്കട്ടെ. സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന് നേർത്തവഴികൾപോലും മനസ്സിലാക്കുന്നവരാക്കിത്തീർക്കട്ടെ. നമ്മുടെ എല്ലാ കർമങ്ങളേയും അതു ഭൗതികമാണെങ്കിലും നമ്മൾ അല്ലാഹുവിന്റെ തൃപ്തിയെ എപ്പോഴും കരസ്ഥമാക്കുന്നതും മുന്തിക്കുന്നതുമാക്കിത്തീർക്കട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

പേജ് 2ൽ നിന്ന്

സഹിക്കാൻപറ്റാത്ത നേരത്താണ്. ഇക്കാരണ ത്താൽ അവൻ ബഹളമുണ്ടാക്കുന്നു.

(5) ഇപ്രകാരംതന്നെ ഭക്ഷണം അളവനുസരിച്ച് കൊടുക്കേണ്ടതാണ്. ഇതുമുഖേന ഉള്ളതിൽ തൃപ്തിപ്പെടാനുള്ള മനഃസാന്നിധ്യമുണ്ടാകുന്നു.

(6) പലതരത്തിലുള്ള ഭക്ഷണങ്ങൾ കൊടുക്കേണ്ടതാണ്. മാംസം, പച്ചക്കറി, പഴങ്ങൾ കൊടുക്കുക. കാരണം ഭക്ഷണത്തിൽനിന്നും പലവിധത്തിലുള്ള സ്വഭാവങ്ങൾ ഉണ്ടാകുന്നു. അതിനാൽ പലതരത്തിലുള്ള സ്വഭാവങ്ങൾക്ക് വിവിധരീതിയിലുള്ള ഭക്ഷണങ്ങൾ കൊടുക്കേണ്ടതാണ്. കുട്ടിക്കാലത്ത് മാംസം കുറവും പച്ചക്കറികൾ കൂടുതലും കൊടുക്കണം. കാരണം മാംസം വീര്യമുണ്ടാക്കുന്നതാണ്. കുട്ടിക്കാലത്ത് വീര്യം കുറഞ്ഞിരിക്കേണ്ടതാണ്.

(7) കുട്ടി അല്പം വലുതായാൽ കളിതമാശകളിലൂടെ അവനെക്കൊണ്ട് ജോലി ചെയ്യിക്കേണ്ടതാണ്. ഉദാഹരണത്തിന് ഇന്ന പാത്രം എടുത്തുകൊണ്ടുവരിക. ഇന്ന സാധനം അവിടെകൊണ്ടുവയ്ക്കുക. ഈ സാധനം ഇന്നയാൾക്ക് കൊടുക്കുക. ഇതേപ്രകാരം മറ്റു ജോലികളും ചെയ്യിക്കേണ്ടതാണ്. ആ ഒരു സമയം വരെ അവനെ സ്വന്തമായ നിലയിൽ കളിക്കാനും അനുവദിക്കേണ്ടതാണ്.

(8) കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാക്കേണ്ടതാണ്. ഉദാഹരണത്തിന് സാധനം മുമ്പിലുണ്ടാകുകയും ഇപ്പോൾ കിട്ടുകയില്ലെന്നും ഇന്ന സമയത്ത് തരാമെന്ന് പറയുക. മറച്ചുവെക്കാൻ പാടില്ല. കാരണം ആ മാതൃക കണ്ടിട്ട് അവനും അങ്ങനെ ചെയ്യാൻ തോന്നും. അങ്ങനെ കളവിന്റെ ശീലമുണ്ടാകുകയും ചെയ്യും.

(9) കുട്ടികളോട് അമിതമായ സ്നേഹവും കാണിക്കരുത്. കൂടുതൽ ചുംബിക്കുകയും മുത്തുകയും ചെയ്യുന്ന ശീലത്താൽ ഒരുപാട് തിന്മകൾ കുട്ടികളിലുണ്ടാകും. ഏതൊരു സഭയിലാണോ അവൻ പോകുന്നത് അവനെ സ്നേഹിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ഇതുമുഖേന അവനിൽ ധാർമികമായ ദൗർബല്യങ്ങൾ ഉണ്ടാകുന്നു.

(10) മാതാപിതാക്കൾ ത്യാഗപരമായ രീതിയിൽ പ്രവർത്തിക്കണം. ഉദാഹരണത്തിന് കുട്ടി രോഗിയായാൽ അവൻ തിന്നാൻ പാടില്ലത്ത വസ്തുക്കൾ അവരും തിന്നരുത്. വീട്ടിൽ കൊണ്ടുവരരുത്. എന്നല്ല അവനോട് പറയണം നിനക്ക് തിന്നാൻ പാടില്ല. അതുകൊണ്ട് നമ്മളും തിന്നുന്നില്ല. ഇതുമുഖേന കുട്ടിയിൽ ത്യാഗത്തിന്റെ വിശേഷഗുണം ഉണ്ടാകുന്നതാണ്.

(11) രോഗാവസ്ഥയിൽ കുട്ടിയെ സംബന്ധിച്ച് ഒരുപാട് സൂക്ഷിക്കേണ്ടതാണ്. ഭീരുത്വം, സ്വാർത്ഥത, പിടിവാശി, വികാരങ്ങളുടെമേൽ നിയന്ത്രണമില്ലായ്മ ഇത്തരത്തിലുള്ള തിന്മകൾ ഭൂരിഭാഗവും ദീർഘമായ രോഗം കാരണത്താലാണ് ഉണ്ടാകുന്നത്. ഒരുപാടാളുകളുണ്ട്. അവർ മറ്റുള്ളവരെ എപ്പോഴും വിളിച്ചു വിളിച്ചു കൂടെയിരുത്തും. അതുപോലെതന്നെ ആരെങ്കിലും അവരുടെ അടുത്തുകൂടെ പോയാൽ വിളിച്ചു കൊണ്ട് എഴുന്നേൽക്കും. നീ എന്താ കാണുന്നില്ലേ അന്ധനാണോ എന്ന് ചോദിക്കും. ഈ ദോഷമുണ്ടാകുന്നത് ദീർഘമായ രോഗത്താലാണ്. കാരണം രോഗത്തിൽ രോഗിക്ക് സൗഖ്യം പകരാനുള്ള ശ്രമമാണ് നടക്കുന്നത്. അതുകൊണ്ട് ആ സൗഖ്യം പ്രാപിക്കൽ തന്റെ അവകാശമായി മനസ്സിലാക്കുന്നു. എപ്പോഴും സൗഖ്യമാഗ്രഹിക്കുന്നു.

(12) കുട്ടികളെ ഭയപ്പെടുത്തുന്ന കഥകൾ കേൾപ്പിക്കരുത്. അതിലൂടെ അവരിൽ ഭീരുത്വമുണ്ടാകുന്നു. അത്തരം കുട്ടികൾ വലുതായാൽ ധൈര്യത്തോടുകൂടി പ്രവർത്തിക്കുകയില്ല. കുട്ടി ഭീരുവായാൽ അവനെ ധീരത്വപരമായ കഥകൾ കേൾപ്പിക്കേണ്ടതാണ്. ധീരരായ കുട്ടികളോടൊപ്പം വിടേണ്ടതാണ്.

(13) കുട്ടിയെ തന്റെ സുഹൃത്തിനെ സ്വന്തമായി തിരഞ്ഞെടുക്കാൻ അനുവദിക്കരുത്. മാതാപിതാക്കൾ തിരഞ്ഞെടുക്കേണ്ടതാണ്. ഏത് കുട്ടികളുടെ സ്വഭാവമാണ് നല്ലതെന്ന് നോക്കുക. അതിൽ മാതാപിതാക്കൾക്കും ഈ ഫലം ഉണ്ടാകുന്നതാണ്. ഏത് കുട്ടികളുടെ സ്വഭാവമാണ് നല്ലതെന്ന് അവനും നോക്കും. മറ്റൊന്ന് പരസ്പരം സഹകരിക്കാൻ തുടങ്ങും. കാരണം മാതാപിതാക്കൾ കുട്ടികളോട് ഇന്ന കുട്ടിയുമായി കളിക്കുക എന്നു പറയുമ്പോൾ ആ രീതിയിൽ ആ കുട്ടികളുടെ സ്വഭാവങ്ങളുടെ മേൽനോട്ടം വഹിക്കുന്നതായിരിക്കും.

(14) കുട്ടികൾക്ക് അവരുടെ പ്രായമനുസരിച്ച് ചില ഉത്തരവാദിത്വമുള്ള ജോലികൾ നൽകേണ്ടതാണ്. ഇത് ഉത്തരവാദിത്വബോധമുണ്ടാകുന്നതാണ്. ഒരു കഥ വളരെ പ്രസിദ്ധമാണ്. ഒരു പിതാവിന് രണ്ട് മക്കളുണ്ടായി. അയാൾ രണ്ടുപേരേയും വിളിച്ച് ഒരാൾക്ക് ഒരാപ്പിൾ കൊടുത്തു. വീതിച്ച് തിന്നാൻ പറഞ്ഞു. അവൻ ആപ്പിൾ വാങ്ങിപോകുമ്പോൾ പിതാവ് ചോദിച്ചു എങ്ങനെയാണ് വീതിക്കേണ്ടതെന്ന് അറിയുമോ. ഇല്ലായെന്ന് അവൻ പറഞ്ഞു. പിതാവ് പറഞ്ഞു. നീ വീതിക്കുമ്പോൾ കുറഞ്ഞത് നീ എടുക്കുക. കൂടുതൽ ഉള്ളത് അവനും കൊടുക്കുക. ഇത് കേട്ട് ഒരു കുട്ടി പറഞ്ഞു എന്നാൽ മറ്റവനെ ആപ്പിൾ ഏല്പിക്കുക. അവനോട് പറയുക ഇവന് കൂടുതൽ കൊടുക്കാൻ. ഇതിൽനിന്ന് ആ കുട്ടിയിൽ ആദ്യമേതന്നെ ചീത്തശീലം പതിഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാകും. അതിനോടൊപ്പം മറ്റൊന്നുകൂടി മനസ്സിലാകുന്നുണ്ട്. ഉത്തരവാദിത്വം തന്നിലുണ്ടായാൽ മറ്റൊരാളെ മുന്തിക്കേണ്ടതായി വരും. അങ്ങനെ കൂടുതൽ ഭാരം തന്നിലുണ്ടാകുമെന്ന്. ഈ ശീലമുണ്ടാക്കുന്നതിന് ചില കളികൾ അങ്ങേയറ്റം ഫലപ്രദമാണ്. ഫുട്ബോൾ തുടങ്ങിയവ. എന്നാൽ, ചീത്തശീലങ്ങൾ പതിയാതിരിക്കാനും കളികളിൽ നോക്കേണ്ടതാണ്. പൊതുവെ കാണപ്പെടുന്നത് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ പിന്തുണക്കുന്നതാണ്. മറ്റു കുട്ടികളെ തന്റെ കുട്ടികൾ പറയുന്ന കാര്യങ്ങൾ സമ്മതിപ്പിക്കാൻ നിർബന്ധിക്കുന്നു. ഇപ്രകാരം കുട്ടിയിൽ തന്റെ കാര്യം നടത്തിക്കാനുള്ള വാശി പതിയുന്നു.

(15) കുട്ടിയുടെ മനസ്സിൽ നല്ലവനാണെന്നും നല്ലസ്വഭാവക്കാരനാണെന്നുമുള്ള കാര്യം ഇടേണ്ടതാണ്. നബി(സ) തിരുമേനി എത്രനല്ല മർമ്മപ്രധാനമായ കാര്യമാണ് പറഞ്ഞത്. കുട്ടിയെ ചീത്തപറയരുതെന്ന്. കുട്ടിയെ ചീത്ത വിളിക്കുമ്പോൾ മലക്കുകൾ പറയും അങ്ങനെ തന്നെയാക്കേണമേ എന്ന്. അവൻ അങ്ങനെതന്നെയായിത്തീരുന്നു.

ഇതിന്റെ ഉദ്ദേശ്യം മലക്കുകൾ കർമ്മങ്ങൾക്ക് ഫലമുണ്ടാക്കുന്നുവെന്നാണ്. കുട്ടിയോട് നീ ചീത്തയാണെന്ന് പറയുമ്പോൾ അവൻ തന്റെ മനസ്സിൽ ആ ചിത്രം വരച്ചെടുക്കുന്നു. ഞാൻ ചീത്തയാണെന്ന്. പിന്നീടവൻ അങ്ങനെതന്നെയായിത്തീരും. അതുകൊണ്ട് കുട്ടിയെ ചീത്തപറയരുത്. മറിച്ച്, നല്ലസ്വഭാവങ്ങൾ പഠിപ്പിക്കേണ്ടതാണ്. കുട്ടിയെ സ്തുതിക്കേണ്ടതാണ്.




**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.
**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

പേജ് 1ൽ നിന്ന്

അവിടെ ജീവനോടെ ഇരക്കുന്നുവെന്നും ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല. ഇത് സത്യമാണ്. ഈ വിശ്വാസം നബി(സ)തിരുമേനിക്ക് ഏറ്റവും വലിയ അപമാനവും അവഹേളനവുമുണ്ടാക്കുന്ന ഒന്നാണ്. എന്നല്ല ഒരു നിമിഷനേരത്തേക്കുപോലും ആ അപമാനം സഹിക്കാൻ എനിക്ക് സാധിക്കുകയില്ല.

എല്ലാവർക്കും അറിയാം നബി(സ) 63-ാം വയസ്സിൽ വഫാത്തായെന്ന്. പരിശുദ്ധമായ മദീനയിൽ അവിടത്തെ റൗളായുണ്ട്. ഓരോ വർഷവും അവിടെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ഹാജിമാർ പോകുന്നു. ഇപ്പോൾ ഈസാ(അ)നെ സംബന്ധിച്ച് മരിച്ചെന്ന് വിശ്വസിക്കുന്നതും അല്ലെങ്കിൽ മരണത്തെ അദ്ദേഹത്തിലേക്ക് ബന്ധപ്പെടുത്തി പറയുന്നതും അപമര്യാദ ആണെങ്കിൽ ഞാൻ വീണ്ടും പറയുന്നു, നബി(സ) തിരുമേനിയോടു ഈ അപമര്യാദ എങ്ങനെ പൊരുത്തപ്പെടും? എന്നാൽ, നിങ്ങൾ വലിയ സന്തോഷത്തോടെ നബി(സ)തിരുമേനി മരിച്ചുപോയെന്ന് പറയുകയും മൗലൂദുകാർ അദ്ദേഹത്തിന്റെ മരണ സംഭവങ്ങൾ വളരെ ഈണത്തിൽ വിവരിക്കുകയും ചെയ്യുന്നു. ഈ സ്ഥിതിയിൽ ഈസാ(അ) വഫാത്തായെന്ന് പറയുമ്പോൾ എന്തിന് ഇന്ന് ഇവർ വികാരം കൊള്ളുന്നു. ഈ വികാരാവേശം നിങ്ങൾക്ക് നബി(സ)തിരുമേനിയുടെ വിയോഗ വാർത്തയിൽ എന്തുകൊണ്ടുണ്ടാകുന്നില്ല?

അഹോ കഷ്ടം! ഖാത്തമുന്നബിയ്യീനും ഈ ലോകത്തിന്റെ നായകനുമായവന്റെ മരണത്തെ നിങ്ങൾ വലിയ സന്തോഷത്തോടെ അംഗീകരിക്കുകയും എന്നാൽ, നബി(സ) തിരുമേനിയുടെ ചെരിപ്പ് അഴിക്കാൻപോലും അർഹതയില്ലാത്ത മനുഷ്യനെ സംബന്ധിച്ച് അദ്ദേഹം ആകാശത്തുണ്ടെന്ന് ദൃഢമായും വിശ്വസിക്കുകയും ചെയ്യുന്നു. ഈസായെ കുറിച്ച് മരണം എന്ന പദം പറയുമ്പോൾ നിങ്ങൾക്ക് ദ്വേഷം വരുന്നു. നബി(സ)തിരുമേനി ഇന്നും ജീവിച്ചിരിപ്പുണ്ടെങ്കിൽ അതിൽ കുറ്റമൊന്നുമില്ല. കാരണം ആ മഹാത്മാവ് ആ മഹത്തായ സന്മാർഗ്ഗവുമായി വന്ന വ്യക്തിയാണ്. ഇതിന്റെ സമാനമായ ഒന്ന് ദുൻയാവിൽ വേറൊരിടത്തുമില്ല. ആ അവസ്ഥകളെല്ലാം നബി(സ) തിരുമേനി കർമപരമായി കാണിച്ചു. ആദം മുതൽ തുടങ്ങി ഈ സമയം വരെ ആർക്കുംതന്നെ അതിന്റെ മാതൃകയോ സമാനമായ അവസ്ഥയോ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഞാൻ നിങ്ങളോട് സത്യം സത്യമായി പറയുന്നു: നബി(സ)തിരുമേനിയുടെ ആവശ്യം ലോകത്തിനും മുസ്‌ലിംകൾക്കും ഉണ്ടായിരുന്നു. അത്രമാത്രം ആവശ്യം മസീഹിന്റെ കാര്യത്തിൽ ഉണ്ടായിരുന്നില്ല.

(ലക്ച്ചർ ലുധിയാന റൂഹാനീ ഖസായിൻ വാള്യം 20 പേജ് 258)

# ഹദ്റത്ത് അബൂഉബയ്ദഃ(റ)

**ഹാഫിദ് മുസഫ്ഫർ അഹ്മദ്, ശാഹിദ്**

**ആകൃതിയും പേരും വംശവും**

നല്ല ഉയരം. മെലിഞ്ഞ ശരീരം. തെളിഞ്ഞ നെറ്റിത്തടം. ആദരയുക്തമായ ഭയമുളവാക്കുന്ന മുഖ കമലം. ഭക്തിയുള്ള രൂപം. ഇടതൂർന്ന താടി. ഇതായിരുന്നു നബി(സ)തിരുമേനിയുടെ കാലത്തെ യുവ സ്വഹാബി ഹദ്റത്ത് അബൂഉബയ്ദഃ(റ) ബിൻ അൽജർറാഹ്. യഥാർഥ പേര് ആമിർ ബിൻ അബ്ദുല്ലാഹ് ബിൻ അൽജർറാഹ് എന്നായിരുന്നു. എന്നാൽ പ്രസിദ്ധനായിട്ടുള്ളത് പിതാമഹന്റെ സംബന്ധത്തിലാണ്. പേരിനെക്കാളേറെ സംജ്ഞാനാമത്തിലാണ് അറിയപ്പെടുന്നത്. വംശപരമ്പര അഞ്ചാമത്തെ തലമുറയിൽ നബി(സ)തിരുമേനിയിൽ ചെന്നു മുട്ടുന്നുണ്ട്.

**ഇസ്‌ലാം സ്വീകരണവും ശ്രേഷ്ഠതകളും**

നബി(സ)തിരുമേനിയുടെ പ്രവാചകത്വ വാദത്തിനുശേഷം ആദ്യകാല വിശ്വാസികളിൽപ്പെട്ടയാളാണ് ഹദ്റത്ത് അബൂഉബയ്ദഃ(റ). ദാറുൽ അർഖം പ്രബോധനകേന്ദ്രമാകുന്നതിനുമുമ്പേ ഇസ്‌ലാം സ്വീകരിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിനു കിട്ടി. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) നെപ്പോലുള്ള മഹാനായ പ്രബോധകന്റെ പ്രബോധന ശ്രമത്തിന്റെ മധുരമുള്ള കനിയായിരുന്നു അദ്ദേഹം. സിദ്ദീഖീ ജീവിതത്തിന്റെ ആഴമേറിയ അടയാളങ്ങൾ അദ്ദേഹത്തിന്റെ സ്വഭാവങ്ങളിലും ശീലങ്ങളിലും മുഴച്ചുനിന്നിരുന്നു. അദ്ദേഹം വിശ്വാസത്തിലും ആത്മാർഥതയിലും അതിശീഘ്രം അഭിവൃദ്ധിപ്പെട്ടു. തിരുദൂതരുടെ സഖാക്കളിൽ ഉന്നത സ്ഥാനം പ്രാപിച്ചു. നബി(സ) തിരുമേനി സ്വർഗത്തെ സംബന്ധിച്ച് തന്റെ ജീവിത കാലത്ത് സുവാർത്ത നല്കിയ പത്ത് സ്വഹാബാക്കളിൽപ്പെട്ട ഭാഗ്യവാനാണ് അദ്ദേഹം.

അല്ലാഹു ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ മനോഹരമായ സ്വഭാവങ്ങളും സവിശേഷമായ പെരുമാറ്റങ്ങളും നേതൃപാടവവും നല്കി അനുഗ്രഹിച്ചിരുന്നു. നബി(സ)തിരുമേനി ഒരിക്കൽ അദ്ദേഹത്തിന്റെ ഈ സവിശേഷ സ്വഭാവത്തെ സംബന്ധിച്ച് പറഞ്ഞു: "ഖുറയ്ശി കുടുംബത്തിൽ ശ്രേഷ്ഠ സ്വഭാവക്കാരും വളരെ ലജ്ജാശീലരും നേതൃപാടവമുള്ളവരുമായ മൂന്നു ദൈവപുരുഷന്മാരുണ്ട്. അബൂബക്കർ (റ), ഉഥ്മാൻ (റ), അബൂഉബയ്ദഃ ബിൻ അൽജർറാഹ് (റ) എന്നിവരാണവർ."

പരിശുദ്ധമായ ഗുണങ്ങൾകൊണ്ട് അദ്ദേഹം നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയ്ക്ക് വളരെ പ്രിയപ്പെട്ട ആളായിരുന്നു. ഒരിക്കൽ ഹദ്റത്ത് ആയിശ(റ) തിരുദൂതരോട് വീട്ടുകാര്യങ്ങൾ പറയുന്നതിനിടയിൽ നിസ്സങ്കോചം ചോദിച്ചു: "അങ്ങയ്ക്ക് അങ്ങയുടെ സ്വഹാബിമാരിൽ ഏറ്റവും പ്രിയപ്പെട്ടതാരാണ്? നബി(സ)പറഞ്ഞു: 'അബൂബക്കർ'(റ). അവർ ചോദിച്ചു, പിന്നീട് ആരാണ്? നബി(സ)പറഞ്ഞു: 'ഉമർ'(റ). ഹദ്റത്ത് ആയിശ(റ)മൂന്നാം വട്ടം ചോദിച്ചു, പിന്നീടാരാണ്? നബി(സ)പറഞ്ഞു: 'അബൂഉബയ്ദഃ ബിൻ അൽജർറാഹ്' (റ).

നബി(സ)തിരുമേനിയ്ക്ക്, ഹദ്റത്ത് അബൂഉബയ്ദഃ(റ)യോടുള്ള സ്നേഹം അദ്ദേഹത്തിന്റെ ആത്മാർഥതയും ആസക്തിയും ആത്മാർപണവും മതപരമായ സേവനങ്ങളും കാരണത്താലായിരുന്നു.

**ഹിജ്റത്തിന്റെ പരീക്ഷണം**

ഇസ്‌ലാം സ്വീകരിച്ച ക്ഷണത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് നേരിടേണ്ടി വന്നത് ധനവും മക്കളും സ്വദേശവും സംബന്ധിച്ച പരീക്ഷണമായിരുന്നു. അല്ലാഹുവിനുവേണ്ടി ദീനിനെ ദുൻയാവിനെക്കാൾമുന്തിച്ചുകൊണ്ട് തികഞ്ഞ ധൈര്യത്തോടുകൂടി തന്റേതെല്ലാം ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറായി. മക്കയോടു വിടപറഞ്ഞ് അകലെയുള്ളതും അന്യവുമായ ഹബ്ശ നാട്ടിലേക്ക് ഹിജ്റ ചെയ്തു. യാത്രാ ദുരിതങ്ങൾ സഹിച്ചു. ജോലി അന്വേഷിച്ചു നടക്കുന്ന അവസരത്തിൽ ബുദ്ധിമുട്ടുകളും ഭയവും പേടിയും നേരിടേണ്ടിവന്നു. ഏതാണ്ട് അവിടെ ചുവട് ഒന്നുറച്ചു വന്നപ്പോൾ മദീനഹിജ്റത്തിന്റെ രണ്ടാമത്തെ പരീക്ഷണം അഭിമുഖീകരിക്കേണ്ടി വന്നു. തന്റെ പ്രിയപ്പെട്ട യജമാനൻ മദീനയിലായിരിക്കുകയും താൻ ഹബ്ശയിൽ താമസിച്ച് ആ മഹാത്മാവിന്റെ സാമീപ്യത്തിൽനിന്നും പരിശുദ്ധ സഹവാസത്തിൽനിന്നും അകന്നിരിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞില്ല. അങ്ങനെ തന്റെ രണ്ടാം നാടായ ഹബ്ശയേയും അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി ഉപേക്ഷിച്ച് മദീന മുനവ്വറയിലേക്ക് രണ്ടാമത്തെ ഹിജ്റത്ത് ചെയ്യാൻ ഭാഗ്യം നേടി. രണ്ടു ഹിജ്റ ചെയ്തതിന്റെ പ്രതിഫലത്തിനും പുണ്യത്തിനും അവകാശിയായിത്തീർന്നു. ഇത് അദ്ദേഹത്തിനു ലഭിച്ച ബഹുമതിയും അഭിമാനവും ആണെന്നതിൽ സംശയമില്ല. രണ്ട് ഹിജ്റ ചെയ്യാൻ ഭാഗ്യം സിദ്ധിച്ച സ്വഹാബിമാർ അതു വളരെ ആനന്ദത്തോടെ പ്രകടിപ്പിക്കാറുണ്ടായിരുന്നു.

ഒരിക്കൽ ഹദ്റത്ത് അസ്മാ ബിൻത് ഉവയ്സ് (ഇവർ രണ്ടു ഹിജ്റത്തു ചെയ്യാൻ ഭാഗ്യം സിദ്ധിച്ചവരിൽപ്പെട്ടവരായിരുന്നു) നബി(സ)യെ കാണുന്നതിനുവേണ്ടി ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സ്വ(റ)യുടെ വീട്ടിൽ വന്നു. അല്പം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ(റ)വും അവിടെ എത്തി. ഹദ്റത്ത് അസ്മാ(റ) അവിടെ ഉണ്ടെന്നറിഞ്ഞ് അവരുടെ നേരെ തിരിഞ്ഞുകൊണ്ട് ഹദ്റത്ത് ഉമർ(റ)പറഞ്ഞു: "അസ്മാ! ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത നിങ്ങളെക്കാൾ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തവർക്കാണ് പ്രഥമസ്ഥാനമുള്ളത്. നബി(സ)തിരുമേനിയുമായിട്ടുള്ള ബന്ധത്തിനും സ്നേഹത്തിനും ഞങ്ങളാണ് കൂടുതൽ അവകാശികൾ". ഹദ്റത്ത് അസ്മാ(റ) ഹബ്ശയിലേക്ക് ഹിജറത്ത് ചെയ്തവരുടെ പ്രാതിനിധ്യം നല്ലവണ്ണം നിറവേറ്റിക്കൊണ്ടു പറഞ്ഞു: "ഉമറേ! താങ്കളുടെ ഈ വാദം ഒരിക്കലും ശരിയല്ല. നിങ്ങൾ നബി(സ) തിരുമേനിയുടെ കൂടെ താമസിച്ചവരാണ്. ആ മഹാത്മാവ് നിങ്ങളുടെ കൂടെ ഉണ്ടായിരുന്ന ദുർബലരേയും പട്ടിണിപ്പാവങ്ങളേയും നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. കഴിവിന്റെ പരമാവധി അവരുടെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. ഞങ്ങളാണെങ്കിൽ അന്യനാടായ ഹബ്ശയിലായിരുന്നു. അവിടെ ആരുടെ ഹൃദയത്തിലും ഞങ്ങളോടു ഒരു മമതയും ഉണ്ടായിരുന്നില്ല. കഠിനമായ ദുരിതങ്ങൾ സഹിച്ച് ദിനങ്ങൾ തള്ളിനീക്കേണ്ടി വന്നു. ഭയന്നും പേടിച്ചുമാണ് ഞങ്ങൾ അവിടെ കഴിഞ്ഞിരുന്നത്. ഇതെല്ലാം അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടിയാണ് ഞങ്ങൾ സഹിച്ചത്. (ഇപ്പോൾ താങ്കൾ ഞങ്ങളെ അധിക്ഷേപിക്കാൻ തുടങ്ങിയിരിക്കുന്നു). അല്ലാഹവാണ! ഹബ്ശയിലേക്കും മദീനയിലേക്കും ഹിജ്റത്ത് ചെയ്തവരിൽ ആരാണ് ശ്രേഷ്ഠരെന്ന് നബി(സ)തിരുമേനിയോടു ചോദിച്ച് തൃപ്തി വരുന്നതുവരെ ഞാൻ എന്റെ


## ലേഡീസ് ടീച്ചറെ ആവശ്യമുണ്ട്

**സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഖാദിയാനിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സേവനം ചെയ്യാൻ തൽപരരായ സ്ത്രീകൾക്കുള്ള അറിയിപ്പ്:**

(1) അപേക്ഷാർഥികളുടെ പ്രായം 18 നും 37 നും ഇടയിലായിരിക്കേണ്ടത് നിർബന്ധമാണ്. വിദ്യാഭ്യാസ യോഗ്യത കുറഞ്ഞത് 10+2 ആയിരിക്കണം. മൊത്തത്തിൽ കുറഞ്ഞത് 50% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 10+2 ന് 50% ൽ കുറവ് മാർക്കാണെങ്കിൽ ഗ്രാജുവേശനിലോ പോസ്റ്റുഗ്രാജുവേശനിലോ 50% മാർക്ക് കരസ്ഥമാക്കിയിരിക്കേണ്ടത് അനിവാര്യമാണ്. (2) 10+2 അല്ലെങ്കിൽ കരസ്ഥമാക്കിയ ഉന്നതവിദ്യാഭ്യാസത്തിന്റെ എല്ലാ സെമസ്റ്ററിന്റേയും ഓരോ വർഷത്തേയും മാർക്ക് ലിസ്റ്റും, ഡിഗ്രി സർട്ടിഫിക്കേറ്റും ടീച്ചേർസ് ട്രെയിനിംഗ് സട്ടിഫിക്കേറ്റും മറ്റു സർട്ടിഫിക്കറ്റുകളും അറ്റസ്റ്റ് ചെയ്ത് അപേക്ഷയോടൊപ്പം ഓഫീസിലേക്ക് അയക്കേണ്ടതാണ്. (3) എഴുത്തുപരീക്ഷയിൽ വിജയിക്കുന്ന അപേക്ഷാർത്ഥിക്ക് ഇന്റർവ്യൂ ഉണ്ടായിരിക്കും. ഉദ്യോഗാർത്ഥികൾക്കുവേണ്ടി കേന്ദ്രക്കമ്മിറ്റി നടത്തുന്ന പരീക്ഷയിലും ഇന്റർവ്യൂവിലും പാസാകുന്നവർ മാത്രമേ സേവനത്തിന് അർഹരാകുകയുള്ളൂ. (4) അപേക്ഷാർത്ഥികളുടെ ഇംഗ്ലീഷ് വിജ്ഞാനം നിലവാരം പുലർത്തുന്നതായിരിക്കണം (5) ബദ്ർ ആഴ്ചപതിപ്പിൽ വിളംബരം ചെയ്ത് രണ്ടുമാസത്തിനുശേഷം പരീക്ഷയുടെ തിയ്യതിയെക്കുറിച്ച് അറിയിക്കുന്നതാണ് (6) എഴുത്തുപരീക്ഷയും ഇന്റർവ്യൂവും വിജയിച്ചതിനുശേഷം അപേക്ഷാർത്ഥി നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് എടുക്കേണ്ടതാണ്. നൂർ ആശുപത്രിയിലെ വൈദ്യറിപ്പോർട്ടനുസരിച്ചായിരിക്കും ഉദ്യോഗാർത്ഥികളെ നിയമിക്കുക. (7) നിയമനം കിട്ടുന്ന അപേക്ഷാർഥി ഖാദിയാനിൽ താമസിക്കുന്നതിന് സ്വയം ഏർപ്പാട് ചെയ്യേണ്ടതാണ്. (8) ഖാദിയാനിൽ വരാനും പോകാനമുള്ള ചെലവ് അപേക്ഷാർഥി സ്വയം വഹിക്കേണ്ടതാണ്. (9) അപേക്ഷാഫോറം 'ടീച്ചർ നള്വാറത്തെ ദീവാനിൽ'നിന്ന് ലഭിക്കുന്നതാണ്. (10) പൂരിപ്പിച്ച അപേക്ഷാഫോറം ലഭിച്ചതിനു ശേഷം മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്.

(നാളിർ ദീവാൻ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ)

ഫോൺ: 0981 5433760. ഓഫീസ് 01872501130. E-mail: nazaratdiwanqdn@gmail.com

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 09 March 2017 Issue-10

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

വെള്ളവും ആഹാരവും എനിക്കു നിഷിദ്ധമാക്കിയിരിക്കുന്നു." പിന്നീട് ഹദ്റത്ത് അസ്മാ(റ) ഹദ്റത്ത് ഉമർ(റ)പറഞ്ഞ കാര്യം നബി(സ)തിരുമേനിയെ കേൾപ്പിച്ചു. അപ്പോൾ നീ എന്തു മറുപടിയാണ് ഉമറിന് കൊടുത്തതെന്ന് നബി(സ) തിരക്കി. ഹദ്റത്ത് അസ്മാ(റ) ഏറ്റക്കുറച്ചിലുകളൊന്നും കൂടാതെ താൻ കൊടുത്ത മറുപടി നബി(സ)തിരുമേനിയോടു പറഞ്ഞു. അങ്ങനെ പ്രവാചക ദർബാറിൽ നിന്ന് വിധിയുണ്ടായി, "അസ്മാ! നീ പറഞ്ഞതാണ് ശരി. ഉമറും അദ്ദേഹത്തോടൊപ്പം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തവരും ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തവരെക്കാൾ എന്റെ സ്നേഹത്തിനും ബന്ധത്തിനും കൂടുതൽ അവകാശികളല്ല. ഇവരുടേത് ഒരു ഹിജ്റത്താണെങ്കിൽ നിങ്ങളുടേത് രണ്ടു ഹിജ്റത്താണെന്നതിൽ സംശയമൊന്നുമില്ല." (ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഇരട്ടി പ്രതിഫലത്തിനും പുണ്യത്തിനും അർഹരാണ്).

**അമീൻ എന്ന സ്ഥാനം**

ഹിജ്റത്തുകളുടെ ഈ ഇരട്ട ത്യാഗങ്ങൾക്കു പുറമെ ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ മറ്റു സ്വഹാബാക്കളിൽ നിന്ന് വ്യതിരിക്തനാക്കി നിറുത്തിയത് *വല്ലദീനഹും ലിഅമാനാത്തിഹിം വ അഹ്ദിഹിം റാഊൻ*(തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരായിട്ടുള്ള സത്യവിശ്വാസി വിജയം വരിച്ചു-23:9) എന്ന ദൈവവചനത്തിന്റെ പ്രതീകമായിരുന്നു അദ്ദേഹം എന്നതാണ്. ഒരു സമ്പൂർണനായ സത്യവിശ്വാസിയുടെ ഉയർന്നതും ഉന്നതവുമായ പദവിയും ഇതു തന്നെയാകുന്നു എന്നതാണ് സത്യം. അങ്ങനെ ബാഹ്യത്തിൽ ശോഷിച്ച ശരീരനും ദുർബലനുമായ ഹദ്റത്ത് അബൂഉബയ്ദഃ(റ) തിരുദൂതരുടെ സഖാക്കളിൽ "കരുത്തനായ വിശ്വസ്തൻ" (അൽഖവിയ്യുൽ അമീൻ) എന്ന സ്ഥാനപ്പേരിൽ സ്മരിക്കപ്പെടുന്നു. അദ്ദേഹം അമാനത്തുകളോടുള്ള എല്ലാ കടമകളും നിറവേറ്റി എന്നതിന് സാക്ഷ്യമാണിത്.

ദൈവസൃഷ്ടികളുടെ ഈ സാക്ഷ്യമുദ്ര പതിഞ്ഞത്, അല്ലാഹുവിന്റെ റസൂൽ (സ)തന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ അതായത് ഹിജ്റ ഒമ്പതിൽ നജ്റാനിലെ ക്രൈസ്തവ നാട്ടിൽനിന്ന് ഒരു ദൗത്യസംഘം മദീനയിൽ വരികയും തങ്ങൾ വാർഷികകപ്പം നല്കിക്കൊള്ളാം എന്ന വ്യവസ്ഥയിൽ അവരുമായി ഉടമ്പടി ചെയ്യുകയും ചെയ്ത സന്ദർഭത്തിലായിരുന്നു. ആ അവസരത്തിൽ കപ്പം പിരിച്ചെടുക്കാൻ അമാനത്തുകളോടുള്ള കടമകൾ നല്ലവണ്ണം നിറവേറ്റുന്ന ഒരാളെ തങ്ങൾക്കൊപ്പം അയച്ചുതരാൻ ദൗത്യസംഘം നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ ആശങ്കപ്പെടേണ്ട. അങ്ങേയറ്റം വിശ്വസ്തനായ ഒരാളെ നിങ്ങളോടൊപ്പം ഞാൻ അയക്കുന്നതാണ്.' ആ സമയം നബി(സ)യുടെ മജ്ലിസ് അത്ഭുതകരമായ ഒരു അവസ്ഥയിലായിരുന്നു. സ്വഹാബാക്കൾ ആ ഭാഗ്യവാൻ ആരാണെന്നറിയാൻ വളരെ ആകാംഷയോടെ തല ഉയർത്തിയുയർത്തി നോക്കിക്കൊണ്ടിരുന്നു. കാത്തിരിപ്പിന്റെ നിമിഷങ്ങൾ അവസാനിച്ചു. നബി(സ) തിരുമേനി പറഞ്ഞു: "അബൂഉബയ്ദഃ ഒന്ന് എഴുന്നേറ്റു നില്ക്കുക." അദ്ദേഹം തന്റെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റു നിന്നപ്പോൾ നബി(സ)തിരുമേനിയുടെ അനുഗൃഹീത നാവിലൂടെ അബൂഉബയ്ദായ്ക്ക് അനശ്വരവും ചരിത്രപരവുമായ ആ സർട്ടിഫിക്കറ്റ് നല്പ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു: "ഈ സമുദായത്തിന്റെ വിശ്വസ്തനാണിത്." പിന്നീട് സ്വഹാബാക്കളോടു പറഞ്ഞു: "ഓരോ സമുദായത്തിലും ഒരു വിശ്വസ്തനുണ്ടാകും. എന്റെ സമുദായത്തിലെ ജനങ്ങളേ! നമ്മുടെ വിശ്വസ്തൻ അബൂഉബയ്ദഃ ബിൻ അൽജർറാഹ് ആകുന്നു."

'ഉമ്മത്തിന്റെ വിശ്വസ്തൻ' എന്ന സ്ഥാനപ്പേര് അബൂഉബയ്ദഃ(റ)യ്ക്ക് മഹത്തായൊരു ബഹുമതിയാണ്. മറ്റുള്ളവരോടുള്ള അദ്ദേഹത്തിന്റെ സൽപെരുമാറ്റത്തിന്റെ സംക്ഷിപ്തമാണ് അതിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തെക്കുറിച്ച് നബി(സ)പറഞ്ഞു, "എനിക്ക് എന്റെ അനുചരന്മാരിൽ ഓരോരുത്തരുടേയും എന്തെങ്കിലുമൊക്കെ സ്വഭാവം പിടിച്ചെടുക്കാൻ കഴിയും; അബൂ ഉബയ്ദഃ ഒഴികെ. അദ്ദേഹം വളരെ നല്ലതും ഉന്നതവുമായ സ്വഭാവങ്ങൾ വഹിക്കുന്ന ആളാകുന്നു.

'സമുദായത്തിന്റെ വിശ്വസ്തൻ' എന്ന മഹത്തായ സ്ഥാനപ്പേര് കരസ്ഥമാക്കിയ ഒരു മഹാമനുഷ്യന്റെ ജീവിത ചരിത്രം മുമ്പേയും രചിക്കപ്പെട്ടിട്ടുണ്ട്. അമാനത്തുകൾ നിറവേറ്റുക എന്ന അദ്ദേഹത്തിന്റെ സുപ്രധാന വശത്തെ സംബന്ധിച്ച് എഴുതുമ്പോൾ ആ സുന്ദരനായ ചെറുപ്പക്കാരന്റെ ജീവിത ചരിത്രം പുതിയൊരു മാനം സൃഷ്ടിക്കുന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) വൻധനശേഖരങ്ങളുടെ അമീനായി നിയമിക്കപ്പെട്ടിരുന്നു. ശക്തമായ ഇമാറത്തിന്റെ അമാനത്തും ആ മഹാത്മവിന് നല്കപ്പെട്ടിരുന്നു. അതെല്ലാം അദ്ദേഹം നല്ലനിലയിൽ നിറവേറ്റി.

**ബദ്ർയുദ്ധത്തിൽ പങ്കാളിത്തം**

ഒരു പട്ടാളക്കാരൻ എന്ന നിലയിൽ ബദ്ർ യുദ്ധത്തിൽ അദ്ദേഹത്തിന്റെ വിശ്വസ്തത പരീക്ഷിക്കപ്പെട്ടു. അത് ഇങ്ങനെയായിരുന്നു. ശത്രുസൈന്യത്തിൽ അദ്ദേഹത്തിന്റെ പിതാവ് ആമിറും ഉണ്ടായിരുന്നു. അബൂഉബയ്ദഃ(റ) ധീരനായ പട്ടാളക്കാരനെപ്പോലെ ധൈര്യം കാണിച്ചുകൊണ്ട് രണാങ്കണത്തിൽ മുന്നോട്ടു നീങ്ങുകയായിരുന്നു. പെട്ടെന്നാണ് പിതാവ് മുന്നിൽപ്പെട്ടത്. അദ്ദേഹം പലപ്രാവശ്യവും മകനെ വധിക്കാൻ ഉന്നം വെച്ചു നടക്കുകയായിരുന്നു. എത്രമാത്രം കഠിനവും വികാര നിർഭരവുമായിരുന്നു ആ നിമിഷമെന്ന് അല്പം ചിന്തിച്ചു നോക്കുക. ഒരു ഭാഗത്ത് പിതാവ്. മറുഭാഗത്ത് അല്ലാഹുവും അവന്റെ റസൂലും. അവർക്കെതിരിലാണ് പിതാവ് ഊരിപ്പിടിച്ച വാളുമായി നില്ക്കുന്നത്. സംഘർഷഭരിതമായ നിമിഷങ്ങൾ. പക്ഷേ, വീര്യശാലിയും വിശ്വസ്തനുമായ ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് തീരുമാനമെടുക്കാൻ സമയം വേണ്ടിവന്നില്ല. അല്ലാഹുവിനുവേണ്ടി ഊരിയവാൾ റസൂലിന്റെ ശത്രുക്കളെ വകവരുത്താതെ-അത് പിതാവാണെങ്കിലും വേണ്ടില്ല-നിലയ്ക്കുകയില്ല. തൊട്ടടുത്ത നിമിഷം ബദ്റിന്റെ മൈതാനത്ത് അബൂഉബയ്ദഃയുടെ അന്യാരാധകനായ പിതാവ് ആമിർ, ഏക ദൈവവിശ്വാസിയായ സ്വന്തം മകന്റെ കൈയാൽ വധിക്കപ്പെട്ടു കഴിഞ്ഞു. നിനക്കാശംസകൾ! ഈ സമുദായത്തിന്റെ വിശ്വസ്താനായിട്ടുള്ളവനേ! നിനക്കാശംസകൾ! നീ എത്രമാത്രം പ്രൗഢിയോടുകൂടിയാണ് വിശ്വസ്തതയോടുള്ള കടമ നിർവഹിച്ചത്? അതിനു നിനക്ക് പരിശുദ്ധമായ പിതൃപുത്ര ബന്ധം പ്രതിബന്ധമായില്ല.

അല്ലാഹു സമ്പൂർണ വിശ്വാസികളെ അതായത് അല്ലാഹുവിനുവേണ്ടി തങ്ങളുടെ കുടുംബബന്ധങ്ങളെപ്പോലും അരിഞ്ഞിടുന്ന സത്യവിശ്വാസികളെ പുകഴ്ത്തുന്ന വചനം ഖുർആനിലുണ്ട്. സ്വഹാബാക്കൾ ഈ ചരിത്ര സംഭവം ആ വചനവുമായി ചേർത്തു പറയാറുണ്ടായിരുന്നു. ആ വചനം ഇപ്രകാരമാണ്:

"അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരു കൂട്ടർ അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്നവരുമായി സൗഹൃദം പുലർത്തുന്നത് നീ കാണുകയില്ല; അവർ സ്വപിതാക്കളോ സ്വസന്താനങ്ങളോ സ്വസഹോദരങ്ങളോ സ്വകുടുംബ ബന്ധുക്കളോ ആയാലും ശരി. അത്തരക്കാരാകട്ടെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവയ്ക്കുകയും തന്റെ പക്കൽനിന്നുള്ള വചനംകൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴെഭാഗത്തൂടെ ആറുകളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ നിത്യവാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തരായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ." (58:23)

**ഉഹ്ദുയുദ്ധത്തിൽ അർപണം**

ബദ്ർ യുദ്ധത്തിനുശേഷം മുസ്‌ലീംകൾക്ക് ഉഹ്ദുയുദ്ധത്തെ അഭിമുഖീകരിക്കേണ്ടതായി വന്നു. ഉഹ്ദു മലയും ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ വീര്യത്തിനും വിശ്വസ്തതയ്ക്കും സാക്ഷിയായി. ഉഹുദിൽ നബി(സ) തിരുമേനിയുടെ സാന്നിധ്യത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ) പ്രവാചകത്വമെന്ന അമാനത്തിന്റെ സംരക്ഷണപ്രശ്നം വന്നപ്പോൾ ഉറച്ചുനിന്നുവെന്നു മാത്രമല്ല തികഞ്ഞ പൗരുഷത്തിന്റേയും ആത്മസമർപണത്തിന്റേയും മാതൃക കാണിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ന്റെ വിവരണം ഇങ്ങനെ:

ഉഹ്ദ് യുദ്ധാവസരത്തിൽ കല്ലേറുകൊണ്ട് ഇരുമ്പുതൊപ്പിയുടെ രണ്ടുകൊളുത്തുകൾ നബി(സ)തിരുമേനിയുടെ കവിളുകളിൽ തുളച്ചുകയറി. നബി(സ)യെ സഹായിക്കാൻ ഞാൻ അങ്ങോട്ട് കുതിച്ചു. അപ്പോൾ ഒരാൾ എന്റെനേരെ ഓടി വരുന്നത് ഞാൻ കണ്ടു. അപകടകരമായ ആ നേരത്ത് ആ വ്യക്തി എന്റെ സഹായത്തിനു കാരണമായിത്തീരേണമേ എന്നു ഞാൻ പ്രാർഥിച്ചു. മുന്നോട്ടു ചെന്നു നോക്കിയപ്പോൾ അത് അബൂഉബയ്ദഃ(റ)ആയിരുന്നു. അദ്ദേഹം എനിക്കുമുമ്പേ അവിടെ എത്തിക്കഴിഞ്ഞിരുന്നു. സ്ഥിതിഗതികൾ മനസ്സിലാക്കിയതിനുശേഷം അല്ലാഹുവിനെ മുൻനിറുത്തി ആത്മാർപണ വികാരത്തോടെ അദ്ദേഹം എന്റേനാടു പറഞ്ഞു, 'തറച്ചുകയറിയ കൊളുത്തുകൾ അല്ലാഹുവിന്റെ റസൂലിന്റെ കവിളുകളിൽനിന്ന് ഊരിയെടുക്കാൻ എന്നെ അനുവദിക്കുക.' പിന്നീട് അദ്ദേഹം ഒരു കൊളുത്ത് കടിച്ചുപിടിക്കുകയും ശക്തിയായി വലിച്ചൂരുകയും ചെയ്തു. വലിയുടെ ശക്തികൊണ്ട് ഹദ്റത്ത് അബൂഉബയ്ദ(റ) നടുവടിച്ചു വീഴുകയും അദ്ദേഹത്തിന്റെ മുൻപല്ലിൽ ഒരെണ്ണം പറിഞ്ഞുപോരുകയും ചെയ്തു. പിന്നീട് രണ്ടാമത്തെ കവിളിൽനിന്നും അതേപോലെ കൊളുത്ത് വലിച്ചൂരി. (തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin